VOL NO: 04 | ISSUE 19
www.nerpatham.com
mail@nerpatham.com

2020 MAY 09 | ₹12

# നേർപഥം

## വാരിക

# നിത്യപ്രസക്തം, ഈ നീതി സൂക്തം

ലോകത്തിലെ ഏറ്റവും വലിയ നിയമവിദ്യാലയങ്ങളിലൊന്നായ അമേരിക്കയിലെ മസാച്യുസെറ്റ്സിലുള്ള ഹാർവാർഡ് ലോ കോളേജ് ലൈബ്രറിയുടെ മുഖ്യകവാടത്തിൽ കൊത്തിവെക്കാൻ വേണ്ടി ജനങ്ങളെ ഏറ്റവുമധികം സ്വാധീനിച്ച മൂന്ന് നീതിവാക്യങ്ങൾ കണ്ടെത്താനായി ഒരു മത്സരം സംഘടിപ്പിക്കപ്പെടുകയുണ്ടായി. അതിൽ ഒന്നാമതായി തെരഞ്ഞെടുത്തത് വിശുദ്ധ ക്വുർആനിലെ നാലാം അധ്യായമായ സൂറത്തുന്നിസാഇലെ 135ാം ആയത്താണ്. ലോകപ്രശസ്തരായ നിയമജ്ഞർ പഠിച്ചിറങ്ങിയ ഹാർവാർഡ് യൂണിവേഴ്സിറ്റി തെരഞ്ഞെടുക്കാൻ മാത്രം എന്താണ് ആ വചനത്തിന് പ്രത്യേകത. നീതിയോടുള്ള ക്വുർആനിന്റെ നിലപാടെന്താണ്?



**വ്രതവൃത്തത്തിന്റെ സാമൂഹ്യ വ്യാപ്തി**

**സഹായം അർഹിക്കുന്നവരെ കണ്ടെത്തുക**

**അഭിമാനം കവരുന്ന സൗജന്യ ഭക്ഷ്യക്കിറ്റുകൾ**

# വ്രതാനുഷ്ഠാനം ചില പാഠങ്ങൾ

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ മൂന്നാമത്തെതാണ് നോമ്പ്. പ്രഭാതോദയം മുതൽ സൂര്യാസ്തമയം വരെ നോമ്പ് മുറിയുന്ന കാര്യങ്ങളെ അല്ലാഹുവിനു വേണ്ടി ത്യജിക്കുന്ന ആരാധനയാണ് നോമ്പ്. എന്തൊക്കെയാണ് നോമ്പ് മുറിയുന്ന കാര്യങ്ങൾ? അറിവില്ലായ്മ ഒരുപക്ഷെ, നമ്മെ അബദ്ധങ്ങളിൽ ചെന്നെത്തിച്ചേക്കാം.

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കി വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം.

# നേർപഥം Quiz Online

- ശരിയുത്തരമയക്കുന്ന 1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!
- എല്ലാ ഞായറാഴ്ചയും 10 AM മുതൽ ബുധൻ 12 AM വരെ ഉത്തരമയക്കാൻ അവസരം.

zameel
the soulmate

വിശദവിവരങ്ങൾക്ക് നേർപഥം വെബ്സൈറ്റോ സമീൽ ഓൺലൈൻ ലൈബ്രറിയോ സന്ദർശിക്കുക.





Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com | www.nerpatham.com**

നേർപഥം വാരിക

നേർപഥം വാരിക, 0173 / 2020 മെയ് 09 / 1441 റമദാൻ 16 / പുസ്തകം 04 / ലക്കം 19



# നിത്യപ്രസക്തം, ഈ നീതിസൂക്തം

ഡോ.സബീൽ പട്ടാമ്പി / 10

**മുഖമൊഴി**

സഹായം അർഹിക്കുന്നവരെ കണ്ടെത്തുക / 05

**വിവർത്തനം**

വിധിയിലുള്ള വിശ്വാസം / 25
ശൈഖ് സഅദ് ബിൻ നാസർ അശ്ശത്‌രി

**സംശയനിവാരണം**

നോമ്പ്, സകാത്ത്
പി.എൻ അബ്ദുർറഹ്മാൻ

**കാഴ്ച**

ഇമ്പം കുറഞ്ഞ നോമ്പുകാലം / 34
ഇബ്നു അലി എടത്തനാട്ടുകര

**ലേഖനം**

വ്രതാനുഷ്ഠാനം; ചില പാഠങ്ങൾ / 07
ഫൈസൽ പുതുപ്പറമ്പ്

സത്യവിശ്വാസിനിയുടെ മഹത്ത്വങ്ങൾ / 14
ശമീർ മദീനി

'നിങ്ങൾ എന്നെ മാത്രം ഭയപ്പെടുക'/ 16
മുഹമ്മദലി വാരം

വ്രതവൃത്തത്തിന്റെ സാമൂഹ്യ വ്യാപ്തി / 20
പി.എൻ. അബ്ദുല്ലത്വീഫ് മദനി

അഭിമാനം കവരുന്ന സൗജന്യ ഭക്ഷ്യക്കിറ്റുകൾ / 21
അബൂഹംദ ആലിക്കൽ

സമാധാനചിത്തത / 29
അബ്ദുൽ ജബ്ബാർ മദീനി

**അറിയിപ്പ്: കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ പ്രസ്സ് പ്രവർത്തിക്കാത്തതിനാൽ ഈ ലക്കം ഓൺലൈനായി പുറത്തിറക്കുകയാണ്. മാന്യവായനക്കാർ സഹകരിക്കുമല്ലോ.**

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു



# മനുഷ്യാവകാശത്തിന്റെ അമേരിക്കൻ മാതൃക!

കൊവിഡ് പശ്ചാത്തലത്തിൽ സാമൂഹിക അകലം പാലിക്കാൻ വേണ്ടി വീടുകളിൽ നിർബന്ധിതമായി തളച്ചിടപ്പെട്ടവരാണ് നമ്മൾ. ഈ ഐസൊലേഷൻ നമ്മുടെ നന്മയ്ക്കും സമൂഹത്തിന്റെ ഒന്നടങ്കമുള്ള അതിജീവനത്തിനും വേണ്ടിയാണ്, സംശയമില്ല. എന്നാൽ ഇപ്പോൾ ഏറ്റവുമധികം പേർ ദിനംപ്രതി രോഗം ബാധിച്ച് മരണപ്പെട്ടുകൊണ്ടിരിക്കുന്ന അമേരിക്കയിലെ നഗരങ്ങളിൽ കാണുന്നത് ചില വൈകൃതങ്ങളാണ്. തങ്ങൾക്ക് വീട്ടിനുള്ളിൽ സ്വയം തളച്ചിടാൻ സാധ്യമല്ലെന്നും അത് തങ്ങളുടെ മനുഷ്യാവകാശത്തിന് മേലുള്ള കടന്നുകയറ്റമാണെന്നുമുള്ള വൈരുധ്യാത്മക വാദമാണ് അവർ ഉന്നയിക്കുന്നത്. പോരാതെ, ഒട്ടനവധി കൊവിഡ് മരണങ്ങളുള്ള സ്‌റ്റേറ്റിലടക്കം ജനങ്ങൾ മാസ്‌കില്ലാതെ കൂട്ടത്തോടെ തെരുവിലിറങ്ങി 'സ്വാതന്ത്ര്യ'ത്തിനായി മുറവിളികൂട്ടുന്നു!

പാശ്ചാത്യരെ സംബന്ധിച്ച് ഭരണകൂടത്തിന് ഒരു ലക്ഷ്മണരേഖയ്ക്കപ്പുറം തങ്ങളുടെ സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടാൻ അധികാരമില്ല. 'ലിബർട്ടി'ക്ക് വേണ്ടിയാണ് കോവിഡ് കാലത്തും അവർ തെരുവിലിറങ്ങിയത്. അതാവട്ടെ, അരുതുകളില്ലാത്ത സ്വാതന്ത്ര്യമാണ് താനും. 'സ്വന്തം ജീവനെക്കാൾ അവർ സ്വന്തം സ്വാതന്ത്ര്യത്തിന് വിലകൽപിക്കുന്നു' എന്ന വായന ശരിയല്ല. കാരണം ഈ രോഗം വളരെ വേഗത്തിൽ പടരുന്ന ഒന്നാണ്. നിയമങ്ങൾ ലംഘിച്ച് പുറത്തിറങ്ങുന്നവർ മറ്റുള്ളവർക്ക് കൂടിയാണ് വിന വരുത്തിവെക്കുന്നത്. ഇത്തരം അൾട്രാ ലിബറൽ വാദഗതിയൊന്നും ഇല്ലാത്ത, ജീവനിൽ കൊതിയുള്ള മറ്റുള്ളവരുടെ മനുഷ്യാവകാശത്തിനുമേൽ കത്തിവെക്കുന്ന ഏർപ്പാടായി അത് മാറുകയാണ്.

സമൂഹധാർമികത പ്രഘോഷിച്ച സ്വതന്ത്രചിന്തയുടെ കേരളത്തിലെ ലോക്കൽ ബിസിനസ്സ്കാർക്കും ഇക്കാര്യത്തിൽ 'ബല്യപിടി'യില്ല. ഒരാളുടെ മനുഷ്യാവകാശ പ്രകടനം ഇവിടെ മറ്റൊരാളുടെ മനുഷ്യാവകാശ ധ്വംസനമാകുന്നു എന്നതാണ് ഇവരെ കുഴപ്പിക്കുന്നത്. എന്തായാലും ഇക്കാര്യത്തിൽ വല്ലാതെ കാടുകയറി നിങ്ങളുടെ സ്വതന്ത്രചിന്തയുമായി വരേണ്ട, ലോക്ക്ഡൗൺ ലംഘിക്കാൻ പ്രേരിപ്പിച്ചു എന്ന് പറഞ്ഞ് നാടൻ പോലീസ് പടിക്കലെത്തും.

എന്നാൽ ഇതൊക്കെക്കണ്ട് മനുഷ്യാവകാശത്തിന് വേണ്ടി വല്ലാണ്ട് വാദിക്കുന്നവരാണ് സ്വതന്ത്രചിന്തകർ എന്ന് കരുതിയെങ്കിൽ നിങ്ങൾക്ക് തെറ്റി. ആറു മാസം മുമ്പ് സ്ലോവാക്യയിൽ ഇസ്‌ലാം മതത്തെ നിരോധിച്ചു എന്നുള്ള ഒരു വാർത്തയിൽ നാസ്തിക ഗ്രൂപ്പിൽ ഇന്നലെ വലിയ ചർച്ച നടക്കുകയാണ്. ഒരു മസ്ജിദ് പോലും കെട്ടിയുയർത്താൻ സ്ലോവാക്യൻ സർക്കാർ സമ്മതിക്കാത്തത് കാട്ടി അവരുടെ നല്ല മനസ്സിന് ബിഗ്‌സല്യൂട്ട് കൊടുക്കുകയാണ് ഇവന്മാർ. ഇതെങ്ങാനും വല്ല സൗദിയിലോ മറ്റോ മറ്റേതെങ്കിലും മതത്തിനെതിരെ ആയിരുന്നെങ്കിൽ ഇതേ ചർച്ചയുടെ ഗതി 'യുടേൺ' എടുത്തേനെ. സ്ലോവാക്യൻ മാധ്യമങ്ങൾ ഈ നടപടിക്ക് എതിരാണ് എന്നും കാണാം.

ചുരുക്കത്തിൽ, ഇസ്‌ലാമോഫോബിയയുടെ കാലത്ത് ഇസ്‌ലാമിനെ തെറിപറയുക, ലോക്ക് ഡൗൺ കാലത്ത് പ്രത്യേകതരം മനുഷ്യാവകാശം വിളമ്പുക തുടങ്ങിയവയാണ് ഇവരുടെ പ്രധാന പണികൾ. അമേരിക്കയിലെ അൾട്രാലിബറലുകളെ പിന്തുണക്കുകയും ഇസ്‌ലാമിന്റെ കാര്യമെത്തുമ്പോൾ ഇതേ മനുഷ്യാവകാശം സെലക്ടീവ് ആവുകയും ചെയ്യുന്ന സുന്ദര കാഴ്ചയാണ് കോവിഡ് കാലത്തും നമുക്ക് കാണാൻ കഴിയുന്നത്.

**-ഹിലാൽ സി.പി**

## ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

# സഹായം അർഹിക്കുന്നവരെ കണ്ടെത്തുക

എല്ലാ മനുഷ്യർക്കും അല്ലാഹു ഒരേ സാമ്പത്തികാവസ്ഥയല്ല നൽകിയിരിക്കുന്നത്. മനുഷ്യരുടെ ഉപജീവനമാർഗവും വ്യത്യസ്തമാണ്. അല്ലാഹു പറയുന്നു: "ആകാശങ്ങളുടെയും ഭൂമിയുടെയും താക്കോലുകൾ അവന്റെ അധീനത്തിലാകുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം അവൻ വിശാലമാക്കുന്നു. (മറ്റുള്ളവർക്ക്) അവൻ അത് ഇടുങ്ങിയതാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ ഏതുകാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു" (ക്വുർആൻ 42:12).

മനുഷ്യരെ സംബന്ധിച്ചിടത്തോളം ഐഹികജീവിതം പരീക്ഷണ ഘട്ടമാണ്. തനിക്ക് സർവശക്തൻ കനിഞ്ഞുനൽകിയ ജീവൻ, ആരോഗ്യം, സമ്പത്ത് തുടങ്ങിയ എല്ലാ അനുഗ്രഹങ്ങൾക്കും പകരമായി ആ സ്രഷ്ടാവിനോട് നന്ദി കാണിക്കുക എന്നത് അവന്റെ കടമയാണ്. ചിലരെ സമ്പന്നരും മറ്റു ചിലരെ ദരിദ്രരുമായി മാറ്റിയതും അവർക്കുള്ള പരീക്ഷണമാണ്. ഏത് അവസ്ഥയിലും സ്രഷ്ടാവിനെ മറക്കാതിരിക്കുക എന്നത് സത്യവിശ്വാസികൾക്കുണ്ടായിരിക്കേണ്ട സദ്ഗുണമാണ്.

ഉള്ളവൻ ഇല്ലാത്തവനെ സഹായിക്കണം. അത് മനുഷ്യത്വത്തിന്റെ അടയാളമാണ്. സമ്പന്നരുടെമേൽ നിർബന്ധദാനം അഥവാ സകാത്ത് ഇസ്‌ലാം നിർബന്ധമാക്കിയിരിക്കുന്നത് ഈ മാനുഷികഗുണം ഊട്ടിയുറപ്പിക്കുവാൻ വേണ്ടി കൂടിയാണ്.

യാചിക്കേണ്ട അവസ്ഥയുണ്ടായിട്ടും മാന്യത കാത്തുസൂക്ഷിച്ചുകൊണ്ട് യാചനയുടെ മാർഗം സ്വീകരിക്കാത്തവരും സമൂഹത്തിലുണ്ടായിരിക്കും. അത്തരക്കാരെ കണ്ടെത്തുവാനും അവരെ സഹായിക്കുവാനും സത്യവിശ്വാസികൾക്ക് കഴിയേണ്ടതുണ്ട്.

നബിﷺ പറഞ്ഞു: "ജനങ്ങളുടെ സമീപം കറങ്ങിനടക്കുകയും ഒന്നോ രണ്ടോ പിടി ഭക്ഷണമോ ഒന്നോ രണ്ടോ കാരക്കയോ കിട്ടിയാൽ തിരിച്ചുപോകുകയും ചെയ്യുന്നവനല്ല സാധു." അനുചരന്മാർ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, എങ്കിൽ പിന്നെ ആരാണ് സാധു?" നബിﷺ പറഞ്ഞു: "തന്നെ പര്യാപ്തനാക്കുന്ന സമ്പത്ത് അവനില്ല. ആരെങ്കിലും അവനെ ശ്രദ്ധിച്ച് ധർമം നൽകുന്നുമില്ല. അവനാകട്ടെ ജനങ്ങളോട് ഒന്നും ചോദിക്കുന്നുമില്ല. അവനാണ് സാധു" (മുസ്‌ലിം).

യാചകരിൽ പലരും യഥാർഥത്തിൽ ദരിദ്രരല്ല എന്നതും അവരിൽ പലരും സമ്പന്നരാണ് എന്നതും യാഥാർഥ്യമാണ്. ദിവസേന വലിയ തുക യാചനയിലൂടെ കരസ്ഥമാക്കുന്നർ എങ്ങനെയാണ് ദരിദ്രരാവുക?

പലരുടെയും ദാനധർമങ്ങൾ ഇന്ന് അർഹരായവർക്കല്ല ലഭിക്കുന്നത്. യഥാർഥ അവകാശികൾക്കത് കിട്ടാതെ പോകുന്നുണ്ട്. യാതൊരു മടിയും കൂടാതെ യാചിച്ചു നടക്കുന്നവർ മാത്രമാണ് ശ്രദ്ധിക്കപ്പെടുന്നത്. ദാരിദ്ര്യം സഹിച്ച്, ദുഃഖം കടിച്ചിറക്കി ലജ്ജ കാരണം വിഷമം പുറത്തു പറയാതെ മാന്യത പുലർത്തി ജീവിക്കുന്ന അധികമാളുകളും സാധുസംരക്ഷകരുടെയും ധർമിഷ്ഠരുടെയും ലിസ്റ്റിലുണ്ടാകാറില്ല.

ലോക്ക് ഡൗൺ കാലത്ത് പ്രയാസമനുഭവിക്കുന്നവരിൽ ദരിദ്രർ മാത്രമല്ല ഉള്ളത് എന്നത് വലിയൊരു യാഥാർഥ്യമാണ്. ലോക്ക് ഡൗൺ പലരെയും ദരിദ്രരാക്കിയിട്ടുമുണ്ട്. ചിലർക്ക് പലരിൽനിന്നുമായി സഹായം കിട്ടിക്കൊണ്ടേയിരിക്കുന്നു. കാരണം അവർ ഇല്ലാത്തവരാണെന്ന എല്ലാവർക്കുമറിയാം. എന്നാൽ സമൂഹത്തിന്റെ കണ്ണിൽ ഉള്ളവർ പലരും ഇന്ന് ഇല്ലാത്തവരാണ്. അത് ആരും അറിയുന്നില്ല. അവർ അറിയിക്കുകയുമില്ല. പരിശുദ്ധ റമദാനിൽ നാം ചെയ്യുന്ന ദാനധർമങ്ങളും സകാത്തും അർഹരായവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക.




# വ്രതാനുഷ്ഠാനം; ചില പാഠങ്ങൾ

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ മൂന്നാമത്തെതാണ് നോമ്പ്. പ്രഭാതോദയം മുതൽ സൂര്യാസ്തമയം വരെ നോമ്പ് മുറിയുന്ന കാര്യങ്ങളെ അല്ലാഹുവിനു വേണ്ടി ത്യജിക്കുന്ന ആരാധനയാണ് നോമ്പ്. ഇത് നിർബന്ധമാണെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീഥിൽ നബിﷺ ഇപ്രകാരം പഠിപ്പിച്ചതായി വന്നിരിക്കുന്നു:

"ഇസ്‌ലാം നിർമിക്കപ്പെട്ടിരിക്കുന്നത് അഞ്ചു കാര്യങ്ങളിൻമേലാണ്; രണ്ട് സാക്ഷ്യവാക്യങ്ങൾ, നമസ്‌കാരം, നോമ്പ്, സകാത്ത്, ഹജ്ജ്" (ബുഖാരി, മുസ്‌ലിം).

സംശയലേശമന്യെ പ്രമാണങ്ങൾകൊണ്ട് സ്ഥിരപ്പെട്ട ഈ അടിസ്ഥാനകാര്യത്തെ വല്ലവനും നിഷേധിക്കുന്നു എങ്കിൽ അവൻ അവിശ്വാസിയായി മാറും എന്നത് മുസ്‌ലിം ലോകത്തെ ഇജ്മാഅ് ആണ് (ശർഹു മുസ്‌ലിം 1/205).

എന്നാൽ നോമ്പ് നിർബന്ധമാണെന്ന് അംഗീകരിക്കുകയും അതിനെ നിസ്സാരവൽകരിച്ചുകൊണ്ട് ഉപേക്ഷിക്കുകയും ചെയ്തവൻ പാപിയായി ഗണിക്കപ്പെടും. അവൻ മതഭ്രഷ്ടനായിരിക്കുമെന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാരുമുണ്ട്.

ഹിജ്റ വർഷം രണ്ടിലാണ് റമദാൻ നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടത്. 9 റമദാനുകളിലാണ് നബിﷺ നോമ്പനുഷ്ഠിച്ചത് (ശർഹുൽ മുംതിഅ് 6/298).

### ആർക്കാണ് നോമ്പ് നിർബന്ധം?

പ്രായപൂർത്തിയായ, ബുദ്ധിമാനായ, യാത്രക്കാരനല്ലാത്ത, നോമ്പെടുക്കാൻ ശേഷിയുള്ള ഏവർക്കും നോമ്പ് നിർബന്ധമാണ്. അല്ലാഹു പറയുന്നു:

"ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ. അതുകൊണ്ട് നിങ്ങളിൽ ആര് ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്. ആരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം(നോമ്പെടുക്കേണ്ടതാണ്). നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും നിങ്ങൾക്ക് നേർവഴി കാണിച്ചുതന്നതിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്ത്വം നിങ്ങൾ പ്രകീർത്തിക്കുവാനും നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ (ഇങ്ങനെ കൽപിച്ചിട്ടുള്ളത്)" (ക്വുർആൻ-2/185)

ന്യായമായ കാരണങ്ങളാൽ നോമ്പൊഴിവാക്കാൻ അനുവാദമുള്ളവർ ശരീരത്തിന് ദോഷമല്ലെന്ന് ബോധ്യമുണ്ടെങ്കിൽ നോമ്പെടുക്കൽ തന്നെയാണ് അഭികാമ്യം.

ശൈഖ് ഇബ്നു ഉസൈമിൻ(റ) പറയുന്നു: "(നോമ്പിന്റെ കാര്യത്തിൽ) യാത്രക്കാരനെ മൂന്ന് തരമാക്കി വിഭജിക്കാം.

1) നോമ്പെടുക്കാൻ യാതൊരു പ്രയാസവും ഇല്ലാത്തവർ; അത്തരക്കാർ നോമ്പെടുക്കലാണ് ഏറ്റവും ശ്രേഷ്ഠമായത്.

2) നോമ്പെടുക്കൽ കൊണ്ട് പ്രയാസം അനുഭവിക്കാൻ സാധ്യതയുള്ളവർ. അത്തരക്കാർ നോമ്പൊഴിവാക്കലാണ് ഏറ്റവും ശ്രേഷ്ഠം.

3) നോമ്പെടുക്കുന്നത് ശരീരത്തിന് അങ്ങേയറ്റം പ്രയാസമുണ്ടാക്കുമെന്ന് ബോധ്യമുള്ളവർ. അവർ നോമ്പെടുക്കൽ നിഷിദ്ധമാണ് എന്ന് ഹദീഥുകളിൽ നിന്ന് ഗ്രഹിക്കാം. (6/343)

പ്രായപൂർത്തിയായിട്ടില്ലാത്ത കുട്ടികളോട് നോമ്പെടുക്കാൻ നിർദേശിക്കൽ രക്ഷിതാക്കൾക്ക് സുന്നതാണ്. അതുവഴി നോമ്പ് ശീലിക്കാൻ നിമിത്തമാകുമെന്നതാണ് കാരണം. സ്വഹാബിമാർ ചെറിയ മക്കളെ നോമ്പെടുപ്പിക്കുമായിരുന്നു എന്നും അവർ ഭക്ഷണത്തിനായി കരഞ്ഞാൽ കളിപ്പാട്ടങ്ങൾ നൽകി അവരുടെ ശ്രദ്ധതിരിക്കുമായിരുന്നു എന്നും ഇമാം ബുഖാരിയും(1960) മുസ്‌ലിമും(1136) ഉദ്ധരിക്കുന്നു.

എന്നാൽ രോഗികൾ, യാത്രക്കാർ തുടങ്ങിയവർക്ക് നോമ്പ് ഒഴിവാക്കാവുന്നതും മറ്റൊരു സമയത്ത് അവർ അത് നോറ്റ് വീട്ടേണ്ടതുമാണ് എന്ന് നാം മുകളിൽ കൊടുത്ത ആയത്ത് തന്നെ അറിയിക്കുന്നു.

### നോമ്പിന്റെ മഹത്ത്വം

ധാരാളം ഹദീഥുകളിലൂടെ നോമ്പിന്റെയും റമദാൻ മാസത്തിന്റെയും മഹത്ത്വങ്ങൾ പഠിപ്പിക്കപ്പെട്ടിരിക്കുന്നു. ചില ഉദാഹരണങ്ങൾ കാണുക:

1. നബി(ﷺ) പറഞ്ഞു: "മനുഷ്യന്റെ മുഴുവൻ കർമങ്ങൾക്കും ഇരട്ടി പ്രതിഫലം നൽകപ്പെടും. ഒരു നന്മക്ക് പത്തിരട്ടി മുതൽ 700 വരെ ഇരട്ടിയായി പ്രതിഫലം ലഭിക്കും. അല്ലാഹു പറയുന്നു: 'നോമ്പ് ഒഴികെ, അതെനിക്കാണ്. ഞാനാണതിന് പ്രതിഫലം നൽകുന്നവൻ...' (ബുഖാരി, മുസ്‌ലിം).

2. നബി(ﷺ) പറഞ്ഞു: "സ്വർഗത്തിൽ റയ്യാൻ എന്നൊരു കവാടമുണ്ട്. നോമ്പുകാരാണ് അതിൽ പ്രവേശിക്കുക. അവരല്ലാത്ത ആരും തന്നെ അതിലൂടെ പ്രവേശിക്കുകയില്ല. നോമ്പുകാർ എവിടെയെന്ന് ചോദിക്കപ്പെടും. അപ്പോൾ അവർ എഴുന്നേറ്റ് വരും. അവർ കടന്നുകഴിഞ്ഞാൽ ആ കവാടം അടക്കപ്പെടും. പിന്നീട് ഒരാളും അതിലൂടെ പ്രവേശിക്കുകയില്ല" (ബുഖാരി).

3. അബൂഉമാമ(റ) പറഞ്ഞു: "ഞാൻ നബി(ﷺ)യുടെ അടുക്കൽ ചെന്ന് പറഞ്ഞു: 'നബിയേ, എനിക്ക് സ്വർഗത്തിൽ പ്രവേശിക്കുവാനുതകുന്ന ഒരു കർമം താങ്കൾ നിർദേശിച്ചു തരിക.' നബി(ﷺ) പറഞ്ഞു: 'നീ നോമ്പെടുക്കുക. അതിനോട് കിടപിടിക്കുന്ന ഒന്നും തന്നെയില്ല.' പിന്നീട് ഒരിക്കൽകൂടി ഞാൻ ചെന്ന് ഇതേകാര്യം ആവശ്യപ്പെട്ടു. അപ്പോഴും നബി(ﷺ) പറഞ്ഞു: 'നീ നോമ്പെടുക്കുക" (അഹ്മദ്, നസാഈ).

### നോമ്പുകൊണ്ടുള്ള നേട്ടങ്ങൾ

1. ഈമാൻ (വിശ്വാസം) വർധിക്കും. (ക്വുർആൻ:2/183)

2. നിഷിദ്ധങ്ങളിൽ നിന്ന് വിട്ടുനിൽകാൻ നിമിത്തമാകും.

3. തെറ്റുകളിലേക്ക് മനസ്സ് ചായാതെ നേർവഴിയിൽ നിൽക്കാൻ പര്യാപ്തമാണ്. നബി(ﷺ) പറഞ്ഞു: "നോമ്പ് ഒരു പരിചയാകുന്നു" (നസാഈ).

4. പാപമോചനം ലഭിക്കും. നബി(ﷺ) പറഞ്ഞു: "വിശ്വാസത്തോടെയും പ്രതിഫലേഛയോടെയും റമദാനിൽ നോമ്പെടുത്തവന്റെ കഴിഞ്ഞ കാലപാപങ്ങൾ പൊറുക്കപ്പെടും."

5. പൈശാചിക ദുർബോധനങ്ങളിൽ നിന്ന് മുക്തമാവാൻ കഴിയും.

6. വിശപ്പും ദാഹവും അനുഭവിക്കുന്നതുവഴി ദരിദ്രന്റെ വിഷമങ്ങൾ മനസ്സിലാക്കാൻ സാധിക്കും.

7. ക്ഷമ ശീലിക്കുവാനാകും.

8. ഇതിനെല്ലാം പുറമെ ആരോഗ്യപരമായ ധാരാളം നേട്ടങ്ങൾ വേറെയും കാണാം.

ഏത് കർമത്തിനുമെന്ന പോലെ നോമ്പിനും നിയ്യത്ത് നിർബന്ധമാണ്. ഉദ്ദേശപ്രകാരം മാത്രമെ ഏത് കാര്യവും സ്വീകാര്യമാവുകയുള്ളൂ. നിർബന്ധ നോമ്പാണെങ്കിൽ പ്രഭാതോദയത്തിന് മുമ്പ് തന്നെ നോമ്പെടുക്കാനുള്ള ഉദ്ദേശം (തീരുമാനം) ഉണ്ടാവണം, എന്നാൽ സുന്നത് നോമ്പാണെങ്കിൽ ഫജ്റിന് ശേഷം പകൽസമയത്ത് തീരുമാനമെടുത്താലും മതി. (അതിന് മുമ്പ് ഭക്ഷണം കഴിച്ചിട്ടില്ലെങ്കിൽ). നബിﷺയുടെയും സ്വഹാബിമാരുടെയും ചെയ്തിയുടെ പിൻബലം ഇതിനുണ്ട്.

നിയ്യത്ത് എന്നതിന്റെ വിവക്ഷ ഒരു കർമം ചെയ്യാനുള്ള മനസ്സിന്റെ ഉദ്ദേശമാണ്. അത് നാവുകൊണ്ട് പറയേണ്ടതില്ല. തുടർച്ചയായി എടുക്കുന്ന നോമ്പുകളാണെങ്കിൽ ആദ്യദിവസം തന്നെ തുടർച്ചയായി നോമ്പെടുക്കാൻ ഉദ്ദേശം ഉണ്ടെങ്കിൽ പിന്നെ ഓരോ ദിവസവും പ്രത്യേകം നിയ്യത്ത് ചെയ്തില്ലെങ്കിലും വിരോധമില്ല. (ഉദാ: റമദാൻ, ശവ്വാലിലെ ആറ് നോമ്പ് തുടങ്ങിയവ).

എന്നാൽ ശഅ്ബാൻ 30 ആകാനും റമദാൻ ഒന്ന് ആകാനും സാധ്യതയുള്ള ദിവസത്തിൽ ഒരാൾ നോമ്പെടുത്തു. റമദാൻ പിറന്നാൽ ഫർദ് നോമ്പ് എന്നും ഇല്ലെങ്കിൽ സുന്നത്ത് നോമ്പ് എന്നുമാണ് അയാൾ ഉദ്ദേശിച്ചത്. പിന്നീട് നേരം പുലർന്നതിന് ശേഷമാണ് റമദാൻ ഒന്നാണെന്ന് ബോധ്യമായതെങ്കിൽ ആ നോമ്പ് പരിഗണനീയമല്ല.

## നോമ്പ് ഒഴിവാക്കാൻ അനുവാദമുള്ളവർ

### 1. രോഗികൾ:

*രോഗികളെ നാല് വിഭാഗമായി തിരിച്ചിരിക്കുന്നു:*

1) നോമ്പ് അനുഷ്ഠിച്ചാൽ രോഗം മൂർഛിക്കുമെന്ന് ബോധ്യമുള്ളവർ. അവർ നോമ്പെടുക്കാൻ പാടില്ല. നോമ്പെടുക്കാൻ പ്രയാസമാണെങ്കിലും അത്ര ഗൗരവതരമായ ദോഷങ്ങൾ ഒന്നും ഉണ്ടാവാൻ ഇടയില്ലാത്തവർ നോമ്പ് ഒഴിവാക്കലാണ് കൂടുതൽ ശ്രേഷ്ഠം. നബിﷺ പറഞ്ഞു: "അല്ലാഹുവിന്റെ കൽപനകളെ ശിരസ്സാവഹിക്കുന്നത് അല്ലാഹുവിന് ഇഷ്ടമാണെന്നത് പോലെ അവൻ നൽകിയ ഇളവുകൾ സ്വീകരിക്കുന്നതും അവനിഷ്ടമാണ്."




2. നോമ്പെടുക്കുകവഴി രോഗശമനത്തിന് കാലതാമസം നേരിടുമെന്ന് ഭയപ്പെടുന്ന രോഗി: ഇത്തരക്കാർക്ക് നോമ്പ് ഉപേക്ഷിക്കൽ അനുവദനീയമാണ്; ക്വുർആനിക വചനങ്ങളുടെയും ഹദീഥുകളുടെയും പൊതു അധ്യാപനപ്രകാരം.

3. നോമ്പെടുക്കാൻ വളരെ പ്രയാസമനുഭവിക്കുന്ന രോഗി. അവനും നോമ്പ് ഒഴിവാക്കൽ അനുവദനീയമാണ്.

4. സ്വന്തം നിലയ്ക്ക് പ്രയാസമില്ലെങ്കിലും ചികിത്സയുടെ ഭാഗമായി (മരുന്ന് കഴിക്കാനും മറ്റുമായി) നോമ്പ് ഉപേക്ഷിക്കാൻ നിർദേശിക്കപ്പെട്ട രോഗി. ഇത്തരക്കാർക്കും നോമ്പ് ഒഴിവാക്കൽ അനുവദനീയമാണ്. എന്നാൽ ഇവരെല്ലാം തന്നെ പിന്നീട് ഇത് നോറ്റ് വീട്ടേണ്ടതുണ്ട് (ഫതാവാ ഇബ്നു തൈമിയ്യ 26/60).

### 2. യാത്രക്കാരൻ

യാത്രക്കാരന്റെ വിവിധ അവസ്ഥകൾ നാം നേരത്തെ വിവരിച്ചു.

### 3. ആർത്തവരക്തം/ പ്രസവരക്തം ഉള്ളവർ

ഇത്തരക്കാർ നോമ്പ് എടുക്കാൻ പാടില്ല. അവർ നിർബന്ധമായും നോമ്പ് ഉപേക്ഷിക്കേണ്ടതും പിന്നീട് നോറ്റ് വീട്ടേണ്ടതുമാണ്. (ബുഖാരി, മുസ്‌ലിം).

ഗർഭം അലസിയ/അബോർഷൻ നടത്തിയ സ്ത്രീയാണെങ്കിൽ അവളിൽ നിന്നും വരുന്ന രക്തം പ്രസവ രക്തമായി പരിഗണിക്കണമെങ്കിൽ 3 മാസമെങ്കിലും ഗർഭസ്ഥ ശിശുവിന് വളർച്ചയെത്തിയിരിക്കണം. അതിനും മുമ്പായി ഗർഭം അലസിയെങ്കിൽ അതിനെ തുടർന്ന് കാണുന്ന രക്തം പ്രസവരക്തമായി കണക്കാക്കപ്പെടുകയില്ല. അതിനാൽ അവർ നമസ്കാരവും നോമ്പും ഉപേക്ഷിക്കാവതല്ല. (ഫതാവാ ഇബ്നു ഉസൈമിൻ 19/261).

### 4. ഗർഭിണി/മുലയൂട്ടുന്നവർ

ഗർഭിണിക്കും മുലയൂട്ടുന്ന സ്ത്രീക്കും നോമ്പെടുക്കാൻ പ്രയാസമുണ്ടെങ്കിൽ അവർക്ക് നോമ്പ് ഉപേക്ഷിക്കാം, പിന്നീട് അവരത് നോറ്റുവീട്ടേണ്ടതാണ്.

### 5. മാറാരോഗികൾ പ്രായാധിക്യമായവർ

സുഖപ്പെടുമെന്ന് പ്രതീക്ഷയില്ലാത്ത നിത്യരോഗികളും അങ്ങേയറ്റം പ്രായമായവർക്കും നോമ്പ് ഒഴിവാക്കാൻ അനുവാദമുണ്ട്. അവർ പിന്നീട് നോറ്റുവീട്ടേണ്ടതില്ല. പകരം സാധുവിന് ഭക്ഷണം നൽകുകയാണ് വേണ്ടത്.

ഭക്ഷണം വേവിച്ചോ അല്ലാതെയോ നൽകാം. വീട്ടിൽ ഭക്ഷണമുണ്ടാക്കി ദരിദ്രരെ ഭക്ഷിപ്പിക്കുകയോ പാകം ചെയ്ത് ഭക്ഷണം വിതരണം ചെയ്യുകയോ ആവാം. ധാന്യങ്ങൾ മാത്രം വിതരണം ചെയ്താലും മതിയാകുന്നതാണ്. മുഖ്യാഹാരമായി ഉപയോഗിക്കുന്ന ധാന്യമാണ് നൽകേണ്ടത്. അതിലേക്ക് അനിവാര്യമായ ചേരുവകൾ കൂടി നൽകുന്നുവെങ്കിൽ നിർബന്ധമില്ല. (ഫതാവാ ഇബ്നു ഉസൈമിൻ 19/124).

### 6. രോഗിയല്ലെങ്കിലും നോമ്പെടുക്കുകവഴി ശരീരത്തിന് പ്രയാസമുണ്ടാകുമെന്ന് ഭയപ്പെടുന്നവർക്കും വിശപ്പ്, ദാഹം എന്നിവ ഒരിക്കലും സഹിക്കാനാവാത്ത പ്രയാസങ്ങൾ ഉള്ളവർക്കുമെല്ലാം അതുവഴി നാശം ഭയപ്പെടുന്നുവെങ്കിൽ നോമ്പ് ഒഴിവാക്കാവുന്നതാണ്

ജീവൻരക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുക തുടങ്ങിയ അനിവാര്യഘട്ടങ്ങളിലും ആവശ്യമെങ്കിലും നോമ്പ് ഒഴിവാക്കാവുന്നതാണ്. അവർ പിന്നീട് നോറ്റുവീട്ടണം.

എന്നാൽ ഈ പറയപ്പെട്ടവരെല്ലാം പ്രയാസം സഹിച്ചുകൊണ്ട് നോമ്പെടുക്കുന്നുവെങ്കിൽ അത് അനുവദനീയമാണ്. അകാരണമായി നോമ്പ് ഉപേക്ഷിക്കൽ വളരെയേറെ ഗൗരവതരമാകുന്നു. റമദാനിന്റെ പകലിൽ നോമ്പെടുക്കാൻ ബാധ്യതയുള്ള ഒരാൾ തന്റെ ഭാര്യയുമായി ലൈംഗീക ബന്ധത്തിലേർപ്പെടുന്നെങ്കിൽ ആ നോമ്പ് അവൻ പിന്നീട് നോറ്റ് വീട്ടുകയും പ്രായശ്ചിത്തം ചെയ്യുകയും വേണം.

ഒരു അടിമയെ മോചിപ്പിക്കുക, അതിന് സാധ്യമല്ലാത്തവർ രണ്ട് മാസം തുടർച്ചയായി നോമ്പെടുക്കുക അതിനും കഴിയാത്തവർ അറുപത് സാധുക്കൾക്ക് ഭക്ഷണം നൽകുക എന്നതാണ് പ്രായശ്ചിത്തം. (ബുഖാരി).

ഒന്നിലധികം ദിവസങ്ങളിൽ ഇങ്ങനെ ആവർത്തിച്ചുവെങ്കിൽ ഓരോന്നിനും പ്രത്യേകം പ്രത്യേകം പ്രായച്ഛിത്തം നൽകേണ്ടതുണ്ട്. (ബിദായ: 4/195).

ന്യായമായ കാരണത്താൽ നോമ്പ് ഒഴിവാക്കിയവൻ അത് നോറ്റുവീട്ടുന്നതിന് മുമ്പായി മരണപ്പെട്ടുവെങ്കിൽ എന്ത് വേണം? നോറ്റുവീട്ടാൻ സാഹചര്യം ഉണ്ടാകുന്നതിന് മുമ്പായി മരിച്ചുവെങ്കിൽ യാതൊന്നും ബാധ്യതയില്ല. എന്നാൽ സാഹചര്യമുണ്ടായ ശേഷമാണ് മരിച്ചതെങ്കിൽ സാധുവിന് ഭക്ഷണം നൽകേണ്ടതുണ്ട്. മയ്യിത്തുമായി അടുത്ത ബന്ധമുള്ളവന് അത് നോറ്റുവീട്ടുകയുമാവാം. ഒന്നിലധികം ആളുകൾ ചേർന്ന് നോറ്റാലും മതിയാകുന്നതാണ്. എല്ലാവരും ഒരേ ദിവസം നോൽക്കുന്നതിനും വിരോധമില്ല.

ബോധപൂർവമായ ഇന്ദ്രിയ സ്ഖലനം മൂലം നോമ്പ് മുറിയുന്നതാണ്. എന്നാൽ സ്വപ്ന സ്ഖലനം, ബോധപൂർവമല്ലാതെയുണ്ടാകുന്ന സ്ഖലനം എന്നിവകൊണ്ട് നോമ്പ് മുറിയുന്നതല്ല. (മുഗ്നി-4/364).

ചീത്തവാക്കുകൾ, പ്രവൃത്തികൾ, ചിന്തകൾ എന്നിവകൊണ്ട് നോമ്പ് മുറിയുകയില്ലെങ്കിലും നോമ്പിന്റെ പ്രതിഫലം കുറയാൻ അത് കാരണമാകും. (ഫതാവാ ഇബ്നുബാസ് 15/320).

റമദാനിലെ ഓരോ ദിനരാത്രവും ഏറെ പവിത്രമാണ്, വിശിഷ്യാ അവസാനത്തെ പത്ത് ദിവസങ്ങൾ. അവയിൽ തന്നെ രാത്രി പ്രത്യേകം ശ്രേഷ്ഠമാണ്. ക്വുർആൻ പാരായണം, പ്രാർഥനാ പ്രകീർത്തനങ്ങൾ, സ്വലാത്ത്, ദാനധർമങ്ങൾ, നന്മ പ്രചരിപ്പിക്കൽ, തിന്മവിരോധിക്കൽ തുടങ്ങിയ സുകൃതങ്ങൾ കൊണ്ട് അവയെ സജീവമാക്കാൻ ശ്രമിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ; ആമീൻ.

ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com



# നിത്യപ്രസക്തം, ഈ നീതിസൂക്തം

**ലോകത്തിലെ ഏറ്റവും വലിയ നിയമവിദ്യാലയങ്ങളിലൊന്നായ അമേരിക്കയിലെ മസാച്ചുസെറ്റ്സിലുള്ള ഹാർവാർഡ് ലോ കോളേജ് ലൈബ്രറിയുടെ മുഖ്യകവാടത്തിൽ കൊത്തിവെക്കാൻ വേണ്ടി ജനങ്ങളെ ഏറ്റവുമധികം സ്വാധീനിച്ച മൂന്ന് നീതിവാക്യങ്ങൾ കണ്ടെത്താനായി ഒരു മത്സരം സംഘടിപ്പിക്കപ്പെടുകയുണ്ടായി. അതിൽ ഒന്നാമതായി തെരഞ്ഞെടുത്തത് വിശുദ്ധ ക്വുർആനിലെ നാലാം അധ്യായമായ സൂറത്തുന്നിസാഇലെ 135ാം ആയത്താണ്. ലോകപ്രശസ്തരായ നിയമജ്ഞർ പഠിച്ചിറങ്ങിയ ഹാർവാർഡ് യൂണിവേഴ്സിറ്റി തെരഞ്ഞെടുക്കാൻ മാത്രം എന്താണ് ആ വചനത്തിന് പ്രത്യേകത. നീതിയോടുള്ള ക്വുർആനിന്റെ നിലപാടെന്താണ്?**

അമേരിക്കയിലെ നിയമവിദ്യാലയങ്ങളുടെ കൂട്ടത്തിൽ ഏറ്റവും തലയെടുപ്പുള്ള സ്ഥാപനമാണ് Massachusettsൽ ഉള്ള വിഖ്യാതമായ 'ഹാർവാർഡ് ലോ കോളേജ്.' 1817ൽ സ്ഥാപിതമായ ഇത് അമേരിക്കയിലെ ഏറ്റവും പഴയ നിയമ വിദ്യാലയമാണ്. ലോകാടിസ്ഥാനത്തിൽ തന്നെ റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തുള്ള തലയെടുപ്പുള്ള നിയമ വിദ്യാലയം. മുൻ അമേരിക്കൻ പ്രസിഡന്റ് ബറാക്ക് ഒബാമയും പത്നി മിഷേൽ ഒബാമയും മറ്റു പല അമേരിക്കൻ പാർലിമെന്റ് അംഗങ്ങളും ഇവിടുത്തെ മുൻകാല

വിദ്യാർഥികളാണ്. കൂടാതെ പല ലോക രാജ്യങ്ങളുടെയും പരമോന്നത നീതിപീഠത്തിലെ ജഡ്ജിമാരും ഹാർവാഡിലെ മുൻകാല നിയമ വിദ്യാർഥികളാണെന്നതും ശ്രദ്ധേയമാണ്.

ഈ ഹാർവാർഡ് ലോ കോളേജ് ലൈബ്രറിയുടെ മുഖ്യകവാടത്തിൽ കുറച്ച് മാസങ്ങൾക്ക് മുമ്പ് ഒരു ബോർഡ് സ്ഥാപിക്കപ്പെട്ടു. ഈ ബോർഡിൽ അവർ പ്രസിദ്ധപ്പെടുത്തിയത് ലോകത്തിനെ ഏറ്റവും കൂടുതൽ സ്വാധീനിച്ച നിയമ വാക്യങ്ങളാണ്. നിയമ പുസ്തകങ്ങളുടെ ലോകത്തെ ഏറ്റവും വലിയ കലവറ എന്ന നിലയ്ക്ക് പേരുകേട്ടതാണ് ഹാർവാർഡ് ലോ കോളേജ് ലൈബ്രറി. ലോകത്തിന്റെ നാനാഭാഗത്ത് നിന്നുള്ള നിയമവിചക്ഷണർ ഈ ലൈബ്രറിയിൽ വരാറുണ്ട്. അതുകൊണ്ട് തന്നെ ഏറ്റവും ശ്രദ്ധിക്കപ്പെടുന്ന ലൈബ്രറിയുടെ മുഖ്യകവാടത്തിൽ കൊത്തിവെക്കേണ്ട വാക്യങ്ങൾ സശ്രദ്ധം പരിശോധിച്ച് ഏറ്റവും നല്ലതാണെന്ന് തോന്നുന്ന മൂന്നു വാക്യങ്ങൾ മാത്രമെ കൊത്തിവെക്കാവൂ എന്നതായിരുന്നു ലൈബ്രറി കമ്മിറ്റിയുടെ തീരുമാനം.

ഈ 3 ഉദ്ധരണികൾ തെരഞ്ഞെടുക്കുവാനായി അവർ ഒരു മത്സരം നടത്തുകയാണു ചെയ്തത്. ക്രിസ്തുവിനു 600 വർഷം മുമ്പ് (ബി.സി. 600) മുതൽ ഇന്നുവരെ ഉണ്ടായതിൽ ഏറ്റവും മനോഹരമായ 3 'നീതി വാക്യങ്ങൾ' ഏതൊക്കെ എന്ന് കണ്ടെത്താനായിരുന്നു മത്സരം. ഈ മത്സരത്തിൽ നിയമ വിദ്യാർഥികളും അധ്യാപകരുമെല്ലാം പങ്കെടുത്തു. മത്സരാർഥികൾ അവർക്ക് നല്ലതെന്ന് തോന്നിയ പല നിയമ വാക്യങ്ങളും പാനലിനു മുന്നിൽ രേഖാമൂലം സമർപ്പിച്ചു. ഏകദേശം 150 വാക്യങ്ങൾ സമർപ്പിക്കപ്പെട്ടു. മത്സരത്തിന്റെ അവസാനം പാനൽ ഏറ്റവും ശ്രദ്ധേയമായ 3 വാക്യങ്ങൾ തെരഞ്ഞെടുത്തു. അതിൽ ഒന്ന് വിശുദ്ധ കുർആനിലെ ഒരു വചനമായിരുന്നു. ആ കുർആൻ വചനം ഇതാണ്:


"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി. (കക്ഷി) ധനികനോ, ദരിദ്രനോ ആകട്ടെ, ആ രണ്ടു വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതിപാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞുമാറുകയോ ചെയ്യുന്ന പക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു" (സൂറുന്നിസാഅ്: 135).

ഈ കുർആൻ വചനത്തോടൊപ്പം തെരഞ്ഞെടുത്ത മറ്റു രണ്ട് ഉദ്ധരണികളിൽ ഒന്ന് നാലാം നൂറ്റാണ്ടിൽ ജീവിച്ച Augustine of Hippoയുടെ ഒരു വചനവും മറ്റൊന്ന് പതിമൂന്നാം നൂറ്റാണ്ടിൽ ബ്രിട്ടണിൽ ജീവിച്ചിരുന്ന ജോൺ രാജാവ് എഴുതിയ നിയമ സംഹിതയായ Magna Cartaയിൽ നിന്നുള്ള ഒരു ഉദ്ധരണിയുമാണ്.

ഈ കുർആൻ വാക്യം (4:135) ഇന്ന് ഹാർവാർഡ് ലൈബ്രറിയുടെ മുഖ്യകവാടത്തിൽ അഭിമാനത്തോടെ നിൽക്കുന്നത് കാണാം. എന്തുകൊണ്ടാണ് ഈ കുർആൻ വചനവും ഒപ്പം മറ്റു രണ്ട് വചനങ്ങളും തെരഞ്ഞെടുത്തതെന്ന് അധികൃതർ വിശദീകരിക്കുന്നത് ഇങ്ങനെയാണ്:

"ഞങ്ങൾ തെരഞ്ഞെടുത്ത ഈ മൂന്ന് വാക്യങ്ങളും എല്ലാ കാലത്തേക്കും എല്ലാ ജനങ്ങൾക്കും ഉൾക്കൊള്ളാൻ പറ്റിയ നിയമ വാക്യങ്ങളാണ്."

അതെ, ഈ കുർആൻ വാക്യം മനുഷ്യന്റെ നീതിബോധത്തിന്റെ ആഗ്രഹത്തിനുള്ള ഉത്തരമാണ്. എല്ലാ മനുഷ്യരും നീതികിട്ടണമെന്നും നീതി വിജയിക്കണമെന്നും ആഗ്രഹിക്കുന്നവരാണ്. അതിനുള്ള ഉത്തരമാണ് ഈ കുർആൻ വചനം. ഇതിൽ പറയുന്ന കാര്യങ്ങൾ നമുക്ക് ഇങ്ങനെ സംഗ്രഹിക്കാം:



(1) നിങ്ങൾ നീതിക്കുവേണ്ടി നില കൊള്ളുന്നവരാകുക.

(2) നീതിക്കുവേണ്ടി നിലകൊണ്ടാൽ ഒരു പക്ഷേ, അത് നിങ്ങൾക്ക് തന്നെയോ നിങ്ങളുടെ കുടുംബങ്ങൾക്കോ എതിരായേക്കാം. എങ്കിലും നീതിയോടൊപ്പം, നീതിക്ക് വേണ്ടിയായിരിക്കണം നിങ്ങൾ നില കൊള്ളേണ്ടത്.

(3) കക്ഷി ധനികനോ ദരിദ്രനോ ആയിരിക്കട്ടെ, അത് നീതി പാലിക്കുന്ന കാര്യത്തിൽ നിങ്ങളെ സ്വാധീനിക്കരുത്. ധനികന് ഒരു നിയമവും ദരിദ്രനു മറ്റൊരു നിയമവും ആയിരിക്കരുത് എന്ന് സാരം. നിയമത്തിനു മുന്നിൽ ധനികരും ദരിദ്രരും തുല്യരായിരിക്കണം.

(4) നിങ്ങൾ നീതിപാലിക്കാതെ തന്നിഷ്ടങ്ങൾ പിൻപറ്റരുത്.

(5) സാക്ഷ്യം പറയുമ്പോൾ കാര്യങ്ങൾ വളച്ചൊടിക്കരുത്. (കള്ളസാക്ഷ്യം പറയൽ വൻപാപങ്ങളുടെ കൂട്ടത്തിൽ പെട്ടതാണെന്ന് ഒരു ഹദീഥിൽ വന്നിട്ടുണ്ട്).

കുറഞ്ഞ വാക്കുകളിൽ കനംകൂടിയ ആശയങ്ങൾ പ്രകടിപ്പിക്കുന്ന, എല്ലാ കാലത്തേക്കും എല്ലാവർക്കും പ്രായോഗികവും സ്വീകാര്യവുമായ നീതിന്യായ ചിന്തകൾ ധ്വനിപ്പിക്കുന്ന ഒരു വചനമാണിത്. ഇത് തന്നെയാണ് ഹാർവാർഡ് അധികൃതരെ ഈ കുർആൻ വചനം തെരഞ്ഞെടുക്കാൻ പ്രേരിപ്പിച്ച ഘടകം.

ഈ വചനം നബിﷺയും സ്വഹാബികളും കേവലമായി പാരായണം ചെയ്യുകയല്ല ചെയ്തത്, മറിച്ച് അവർ അത് ജീവിതത്തിൽ പ്രാവർത്തികമാക്കി കാണിക്കുകയായിരുന്നു. നബിﷺയിൽ നിന്ന് ഇങ്ങനെ ഒരു സംഭവം ഉദ്ധരിക്കപ്പെട്ടത് കാണാം:

"ഒരിക്കൽ ഒരു ക്വുറൈശി സ്ത്രീ മോഷ്ടിച്ചതിന്റെ പേരിൽ നബിﷺയുടെ അടുക്കൽ ഹാജരാക്കപ്പെട്ടു. ചിലർ ഈ സ്ത്രീക്ക് വേണ്ടി നബിയുടെ അടുക്കൽ ശുപാർശ പറയാൻ വന്നു. അപ്പോൾ നബിﷺ ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് പറഞ്ഞു: 'നിങ്ങൾക്ക് മുമ്പുള്ള സമുദായങ്ങൾ നശിച്ചുപോകാൻ കാരണം, അവരിൽ ഉന്നത കുലജാതരായവർ കുറ്റം ചെയ്താൽ അവരെ ശിക്ഷിക്കാതെ വിടുകയും താഴ്ന്നവർ കുറ്റം ചെയ്താൽ അവരെ ശിക്ഷിക്കുകയും ചെയ്യുന്ന രീതിയായിരുന്നു. അല്ലാഹുവാണ സത്യം, മുഹമ്മദിന്റെ മകൾ ഫാത്വിമയാണു മോഷ്ടിച്ചതെങ്കിൽ പോലും ഞാൻ അവളുടെ കൈകൾ ഛേദിക്കുക തന്നെ ചെയ്യും" (മുസ്‌ലിം, കിതാബുൽ ഹുദൂദ്).

**മുഹമ്മദ് നബിﷺ നീതിയുടെ കാവലാൾ: അമേരിക്കൻ പരമോന്നത കോടതി**

അമേരിക്കയുടെ പരമോന്നത കോടതി സ്ഥിതി ചെയ്യുന്നത് Washington D.Cയിൽ ആണ്. ഈ കോടതികെട്ടിടം പണികഴിപ്പിച്ചത് 1935ൽ ആയിരുന്നു. കോടതി കെട്ടിടത്തിനകത്ത് നിരവധി കൊത്തു പണികൾ ഉണ്ട്. കോടതിയുടെ പ്രധാന ഹാളിൽ എതിർ ദിശയിലുള്ള രണ്ട് ചുമരുകളിലായി 18 പേരുടെ രൂപം കൊത്തിവെച്ചത് കാണാം. പുരാതനകാലം മുതൽ ഇന്നുവരെ ലോകത്തിനു നിയമരംഗത്ത് സംഭാവനകൾ നൽകിയ നിയമജ്ഞരോടുള്ള ആദരവ് എന്നോണമാണ് അവരുടെ രൂപങ്ങൾ കൊത്തി വെച്ചിരിക്കുന്നത്. അതിൽ പുരാതന ബാബിലോണിലെ നിയമജ്ഞനായ ഹമുറാബി മുതൽ കൺഫ്യൂഷ്യസ്, ബൈബിളിലെ മോശെ, സോളമൻ, 13ാം നൂറ്റാണ്ടിൽ ബ്രിട്ടണിൽ ജീവിച്ച ജോൺ രാജാവ്, 16ാം നൂറ്റാണ്ടിൽ ഫ്രാൻസിൽ ജീവിച്ച നെപ്പോളിയൻ വരെയുള്ളവരുടെ രൂപങ്ങൾ കൊത്തി വെച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ മുഹമ്മദ് നബിയുടെ തന്നെ പേരിൽ(?) ഒരു രൂപവും കൊത്തിവെച്ചിട്ടുണ്ട്.



1997ൽ 'കൗൺസിൽ ഓഫ് അമേരിക്കൻ ഇസ്‌ലാമിക് റിലേഷൻസ്' (CAIR) എന്ന മുസ്‌ലിം സംഘടന മുഹമ്മദ് ന

ബിയുടെതന്ന പേരിൽ സുപ്രീം കോടതി ഹാളിൽ സ്ഥാപിച്ചിരിക്കുന്ന രൂപം നീക്കം ചെയ്യണം എന്ന ആവശ്യം കോടതിയിൽ ഉന്നയിച്ചു. അവർ അതിനു കോടതിയിൽ ഉന്നയിച്ച കാരണങ്ങൾ ഇവയായിരുന്നു:

(1) ഇസ്‌ലാം ജീവനുള്ളതിന്റെ വിഗ്രഹം ഉണ്ടാക്കുന്നത് പ്രോൽസാഹിപ്പിക്കുന്നില്ല. അത് വിഗ്രഹാരാധനയുടെ ഭാഗമാണ്.

(2) മുഹമ്മദ് നബിയുടെ രൂപം ചരിത്രത്തിൽ എവിടെയും രേഖപ്പെടുത്തപ്പെട്ടിട്ടില്ല. അതിനാൽ ഈ രൂപം അദ്ദേഹത്തോടുള്ള അവഹേളനമാണ്.




(3) മുഹമ്മദ് നബി ഒരു വാൾ പിടിച്ച് നിൽക്കുന്ന രൂപമാണു കൊത്തിവെച്ചിരിക്കുന്നത്. ഇത് അദ്ദേഹത്തെയും മുസ്‌ലിംകളെയും അക്രമത്തിന്റെ ആളുകളായി ചിത്രീകരിക്കലാണ്.

എന്നാൽ മുഹമ്മദ് നബിയുടെ രൂപം നീക്കണമെന്ന അമേരിക്കൻ മുസ്‌ലിംകളുടെ ആവശ്യം അന്നത്തെ ജഡ്ജി നിരസിക്കുകയാണു ചെയ്തത്. അതിനു ജഡ്ജി നൽകിയ വിശദീകരണം ഇങ്ങനെയായിരുന്നു:

“നിയമത്തിന്റെ ലോകത്തിനു വേണ്ടി സംഭാവന നൽകിയ വ്യക്തികളെ ആദരിക്കുക എന്ന ഉദ്ദേശത്തിലാണ് ഈ രൂപങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. മുഹമ്മദ് നബിയുടെ രൂപം ഉണ്ടാക്കിയിരിക്കുന്നത് അദ്ദേഹത്തെ വിഗ്രഹവൽകരിക്കുവാനോ ആരാധിക്കുവാനോ അവഹേളിക്കുവാനോ അല്ല. മറിച്ച് ബഹുമാനിക്കുവാനാണ്. കൂട്ടത്തിൽ ഒരു കൊത്തുപണി മാത്രം പൊളിക്കുന്നത് അതിനോട് തൊട്ടുനിൽക്കുന്ന മറ്റു രൂപങ്ങളുടെ പൂർണതയെ കൂടി ബാധിക്കും. അതിനാൽ ഒരു രൂപം മാത്രം ഒഴിവാക്കുക സാധ്യമല്ല.”

മറ്റു നിർവാഹമില്ലാത്തതിനാൽ കോടതിയുടെ ഈ തീരുമാനം അംഗീകരിക്കുകയാണ് മുസ്‌ലിം സംഘടനകൾ ചെയ്തത്. ഈ രൂപം ശിൽപി കൊത്തിയുണ്ടാക്കിയത് അദ്ദേഹത്തിന്റെ ഭാവനയിൽ നിന്നാണ്. മുഹമ്മദ് നബിയുടെ ഒരു ചിത്രവും എവിടെയും ലഭ്യമല്ലല്ലോ. അതിനാൽ ഈ രൂപം നബിയുടേതല്ലെന്ന് മുസ്‌ലിംകൾക്ക് അറിയാം.

## ഇസ്‌ലാം നീതിയുടെ മതം

നീതി എന്നത് ഇസ്‌ലാമിന്റെ മുഖമുദ്രയാണ്. അല്ലാഹു നീതിമാനാണെന്നും അവൻ നീതിപാലിക്കുന്നവരെ ഇഷ്ടപ്പെടുന്നുവെന്നും കുർആനിലും ഹദീഥുകളിലും ആവർത്തിച്ച് കാണപ്പെടുന്നു. സ്ത്രീക്കും പുരുഷനും കിട്ടേണ്ട നീതിയെ കുറിച്ചും ദരിദ്രന്റെയും അയൽവാസിയുടെയും അവകാശങ്ങളെ കുറിച്ചും ഇസ്‌ലാം പഠിപ്പിക്കുണ്ട്. അറുക്കുവാൻ തയ്യാറാക്കപ്പെട്ട മൃഗത്തിനു പോലും കിട്ടേണ്ട അവകാശത്തെ കുറിച്ച് ഇസ്‌ലാം പറയുന്നുണ്ട്. യുദ്ധസമയത്ത് ശത്രുവിനോടും ശത്രു രാജ്യത്തുള്ളവരോടും പോലും അനീതി കാണിക്കരുതെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

അവകാശങ്ങൾ അതിന്റെ അർഹർക്ക് വിട്ടുകൊടുക്കണമെന്നും നിങ്ങൾ നീതി പാലിക്കണമെന്നും അല്ലാഹു വിശ്വാസികളോട് പറയുന്നു:

“വിശ്വസിച്ചേൽപിക്കപ്പെട്ട അമാനത്തുകൾ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തു വീട്ടണമെന്നും ജനങ്ങൾക്കിടയിൽ നിങ്ങൾ തീർപ്പുകൽപിക്കുകയാണെങ്കിൽ നീതിയോടെ തീർപ്പുകൽപിക്കണമെന്നും അല്ലാഹു നിങ്ങളോട് കൽപിക്കുന്നു. എത്രയോ നല്ല ഉപദേശമാണ് അവൻ നിങ്ങൾക്ക് നൽകുന്നത്. തീർച്ചയായും എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു അല്ലാഹു”(കുർആൻ 4:58).

വിശുദ്ധ കുർആനിന്റെയും പ്രവാചകന്റെയും ‘നീതി സൂക്തങ്ങൾ’ ഇനിയും പുതിയ ഇടങ്ങളിൽ തങ്കലിപികളാൽ എഴുതപ്പെടട്ടെ. അനീതിയുടെ ലോകത്ത് നീതിയുടെ പ്രകാശം പരക്കട്ടെ.

ശമീർ മദീനി
shameermadeeni@gmail.com

ലേഖനം



# സത്യവിശ്വാസിനിയുടെ മഹത്ത്വങ്ങൾ

**പെ**ൺകുഞ്ഞിന്റെ ജന്മത്തെ പൊതുവിൽ ഒരു ഭാരമായിക്കാണുന്ന സ്ഥിതി മുൻകാലങ്ങളിലുണ്ടായിരുന്നു. തനിക്ക് പിറന്നത് പെൺകുഞ്ഞായിപ്പോയി എന്ന കാരണത്താൽ 'അപമാനം' സഹിക്കവയ്യാതെ ആ പിഞ്ചുകുഞ്ഞിനെ ജീവനോടെ കുഴിച്ചുമൂടിയിരുന്ന ഒരു പഴയകാല സമൂഹമുണ്ടായിരുന്നു. ഗർഭാവസ്ഥയിൽ തന്നെ കുഞ്ഞിന്റെ ലിംഗ നിർണയം നടത്തി 'അബോർഷന്' വിധേയമാക്കുന്ന ആധുനിക സമുഹവും ആ പഴയകാല സമൂഹവും ഒരേ മാനസിക നിലവാരത്തിലാണുള്ളത് എന്നതല്ലേ ശരി?

ഇവിടെയാണ് പെണ്ണായിപ്പിറന്ന ഏതൊരു വ്യക്തിയും മുസ്ലിമായിപ്പിറക്കാനും മുസ്ലിം സ്ത്രീയായി ജീവിക്കാനും കഴിഞ്ഞതിലെ മഹത്ത്വവും അനുഗ്രഹങ്ങളും തിരിച്ചറിയേണ്ടത്.

### നാം അറിയേണ്ട കാര്യങ്ങൾ

1. ആണായിപ്പിറക്കുന്നതും പെണ്ണായിപ്പിറക്കുന്നതും നമ്മുടെ ആരുടെയെങ്കിലും ഇഷ്ടമോ സമ്മതമോ അനുസരിച്ചല്ല. മറിച്ച് സ്രഷ്ടാവായ അല്ലാഹുവിന്റെ തീരുമാനമാണത്.

അല്ലാഹു പറയുന്നു: "അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു" (ക്വുർആൻ 42:49).

അതിനാൽ അല്ലാഹുവിന്റെ തീരുമാനമംഗീകരിച്ച് അതിനോട് തികച്ചും ക്രിയാത്മകമായി മാത്രം സമീപിക്കുകയാണ് ഒരു വിശ്വാസി ചെയ്യേണ്ടത്.

2. ആൺ അല്ലെങ്കിൽ പെണ്ണ് എന്നതിലുപരി സ്രഷ്ടാവിന്റെ മാർഗനിർദേശങ്ങൾ അംഗീകരിച്ചും അതിന് കീഴ്പ്പെട്ടും ജീവിക്കാനുള്ള ഒരു മനസ്സ് അഥവാ 'ഹിദായത്ത്' കിട്ടി എന്നതാണ് ഏറ്റവും വലിയ മഹാഭാഗ്യം.

മറ്റുള്ളവർ ജീവിതത്തിന്റെ ഓരോ മേഖലയിലും തന്നിഷ്ടങ്ങളെയും മറ്റുള്ളവരുടെ അഭിപ്രായങ്ങളെയും പിൻപറ്റി ജീവിക്കുമ്പോൾ ഒരു വിശ്വാസി തന്റെ ജീവിതത്തിലാകമാനം സ്രഷ്ടാവിന്റെ മാർഗനിർദേശങ്ങളെയാണ് പിൻപറ്റുന്നത്. ഇത് അതിമഹത്തായ ഒരനുഗ്രഹമാണെന്ന് തിരിച്ചറിയാൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

ഇരിക്കുന്നതും കിടക്കുന്നതും തിന്നുന്നതും കുടിക്കുന്നതും തുടങ്ങി എല്ലാ മേഖലകളിലും സ്രഷ്ടാവിന്റെ നിർദേശങ്ങൾ പാലിച്ചുകൊണ്ട് ഇടപെടുന്ന സത്യവിശ്വാസിക്ക് ലഭിക്കുന്നത് അവർണനീയമായ ആത്മസംതൃപ്തിയും മനഃസ്സമാധാനവുമാണ്. ശുചിത്വത്തിന്റെ കാര്യത്തിലും മറ്റുള്ളവരോടുള്ള പെരുമാറ്റങ്ങളുടെ കാര്യത്തിലും ഇടപാടുകളിലുമെല്ലാം ദൈവിക മാർഗദർശനമാണ് വിശ്വാസിയെ നയിക്കുന്നത്.

“അപ്പോൾ, മുഖം നിലത്തു കുത്തിക്കൊണ്ട് നടക്കുന്നവനാണോ സൻമാർഗം പ്രാപിക്കുന്നവൻ? അതല്ല നേരെയുള്ള പാതയിലൂടെ ശരിക്ക് നടക്കുന്നവനോ?” (ക്വുർആൻ 67:22).

3. മറ്റ് ഏതൊരു സമൂഹവുമായി താരതമ്യം ചെയ്യുമ്പോഴും ഇസ്‌ലാം സ്ത്രീത്വത്തെ ആദരിക്കുകയും ന്യായമായ അവകാശങ്ങൾ വകവെച്ചുകൊടുക്കുകയും ചെയ്തിട്ടുള്ളതായി കാണാൻ കഴിയും. പെൺമക്കളെ പോറ്റിവളർത്തുന്നത് നരകമോചനത്തിനും സ്വർഗപ്രവേശനത്തിനും നിമിത്തമാണെന്ന് നബിﷺ അറിയിച്ചിട്ടുണ്ട്. സദ്‌വൃത്തയായ ഒരു സ്ത്രീ ഈ ലോകത്തെ ഏറ്റവും ഉത്തമമായ വിഭവമാണെന്നാണ് നബിﷺ അരുളിയത്.

“ദുൻയാവ് (മൊത്തം) വഭവങ്ങളാണ്, ദുൻയാവിലെ വിഭവങ്ങളിൽ ഏറ്റവും വിശിഷ്ടമായത് സദ്‌വൃത്തയായ സ്ത്രീയാകുന്നു” (മുസ്‌ലിം)

സത്യവിശ്വാസിയായ ഒരു നല്ല സ്ത്രീ അഥവാ ഒരു ഭാര്യ ഒരു പുരുഷന്റെ ഏറ്റവും വലിയ സമ്പാദ്യവും വിലമതിക്കാനാവാത്ത നിധിയുമാണെന്നാണ് മറ്റൊരിക്കൽ നബിﷺ പറഞ്ഞത്.

“ഒരാൾ സൂക്ഷിച്ചുവെക്കുന്ന ഏറ്റവും ഉത്തമമായ നിധിയെ കുറിച്ച് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? സദ്‌വൃത്തയായ സ്ത്രീയാകുന്നു അത്. അയാൾ അവളിലേക്ക് നോക്കിയാൽ അവൾ അവനെ സന്തോഷിപ്പിക്കും. അവൻ അവളോട് വല്ലതും കൽപിച്ചാൽ അവൾ അവനെ അനുസരിക്കും. അയാൾ അവളിൽ നിന്ന് വല്ല സ്ഥലത്തേക്കും പോയാൽ അവന്റെ അഭാവത്തിൽ അവൾ അവന്റെ എല്ലാം കാത്തുസൂക്ഷിക്കും ” (അബൂദാവൂദ്). ശൈഖ് അൽബാനി ഈ ഹദീഥ് സ്വഹീഹാണെന്ന അഭിപ്രായത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്).

സദ്‌വൃത്തയായ ഒരു സ്ത്രീയെ ഇണയായിക്കിട്ടൽ മഹാ അനുഗ്രഹമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

നബിﷺ പറഞ്ഞു: “ആർക്കെങ്കിലും (ഇണയായി) അല്ലാഹു സദ്‌വൃത്തയായ ഒരു സ്ത്രീയെ നൽകിയാൽ അയാളെ അവൻ ദീനിന്റെ പകുതിയിലും സഹായിച്ചു. ഇനിയുള്ള പകുതിയിൽ അയാൾ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളട്ടെ.”

സത്യവിശ്വാസിനിയായ ഒരു സ്ത്രീ മറ്റുള്ള സ്ത്രീകളെക്കാൾ എന്തുകൊണ്ടും അനുഗൃഹീതയും ഭാഗ്യവതിയുമാണ്. പെരുമാറ്റങ്ങളിലും പ്രവർത്തനങ്ങളിലും അവൾ സ്രഷ്ടാവിന്റെ മാർഗനിർദേശങ്ങളാണ് പിൻപറ്റുന്നത് എന്നതിനാൽ അവർക്കത് എല്ലാ അർഥത്തിലും ഗുണവും സുരക്ഷിതത്വവുമാണ്. ശുദ്ധിയുമായി ബന്ധപ്പെട്ട കാര്യങ്ങളിലും വസ്ത്രധാരണത്തിന്റെ കാര്യങ്ങളിലൊക്കെ അവർക്ക് കൃത്യമായ മാർഗ നിർദേശങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. അവയെല്ലാം അവൾക്ക് ഈ ലോകത്തും പരലോകത്തും ഗുണം മാത്രമാണ് സമ്മാനിക്കുക.

സ്വാതന്ത്ര്യത്തിന്റെ പേരുപറഞ്ഞ് എല്ലാ മാർഗനിർദേശങ്ങളെയും വലിച്ചെറിഞ്ഞ് ‘സർവതന്ത്ര സ്വതന്ത്രയായി’ ജീവിച്ച പലരും അതിന്റെ കെടുതികൾ തിരിച്ചറിഞ്ഞ് ഇസ്‌ലാം പറഞ്ഞ സംരക്ഷണമാണ് ഞങ്ങൾക്ക് വേണ്ടത് എന്ന് ഉറക്കെപ്പറഞ്ഞ അനുഭവമാണ് പാശ്ചാത്യൻ സമൂഹത്തിൽ പലയിടത്തുനിന്നും പുറത്തുവരുന്നത്.

നഈമ റോബർട്ട് എന്ന സഹോദരി പച്ചയായി ലോകത്തോട് അതു തുറന്നു പറഞ്ഞുകൊണ്ടെഴുതിയ “സോദരിമാരുടെ ചുണ്ടുകളിൽ നിന്ന്” എന്ന കൃതി അതിന്റെ ഏറ്റവും വലിയ സാക്ഷ്യമാണ്. പക്ഷേ, കിഴക്കുള്ള പലർക്കുമത് വൈകിയേ മനസ്സിലാകുന്നുള്ളൂ.

“ഇവർ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ? എങ്കിൽ ചിന്തിച്ച് മനസ്സിലാക്കാനുതകുന്ന ഹൃദയങ്ങളോ, കേട്ടറിയാനുതകുന്ന കാതുകളോ അവർക്കുണ്ടാകുമായിരുന്നു. തീർച്ചയായും കണ്ണുകളെയല്ല അന്ധത ബാധിക്കുന്നത്. പക്ഷേ, നെഞ്ചുകളിലുള്ള ഹൃദയങ്ങളെയാണ് അന്ധത ബാധിക്കുന്നത്’’ (ക്വുർആൻ 22:46).

മുഹമ്മദലി വാരം
muhammedalivaram@gmail.com

ലേഖനം




# ‘നിങ്ങൾ അവരെ ഭയപ്പെടരുത്; എന്നെ മാത്രം ഭയപ്പെടുക’

അല്ലാഹുവിന്റെ നടപടിക്രമത്തിൽ പെട്ടതാണ് സത്യവിശ്വാസികളെ പല രൂപത്തിൽ പരീക്ഷണങ്ങൾക്ക് വിധേയമാക്കുക എന്നുള്ളത്. അത് അവൻ വിശ്വാസികളോടായി എടുത്തുപറഞ്ഞ സംഗതിയാണ്:

“നിശ്ചയം നിങ്ങളെ നാം ഭയം, വിശപ്പ്, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവകൊണ്ട് പരീക്ഷിക്കുക തന്നെ ചെയ്യും. ക്ഷമാശീലർക്കാണ് സന്തോഷവാർത്തയുള്ളത്”(അൽബക്വറ: 155).

സത്യവിശ്വാസികൾക്കുനേരെ വരുന്ന വിവിധ പരീക്ഷണങ്ങളെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ അല്ലാഹു ആദ്യം പറഞ്ഞത് ‘ഭയം’ കൊണ്ടുള്ള പരീക്ഷണത്തെക്കുറിച്ചാണ്. അത് എല്ലാ കാലവും വിശ്വാസികൾക്ക് നേരിടേണ്ടി വരുമെന്നർഥം.

ഏകദൈവാരാധനയിൽ വിട്ടുവീഴ്ച ചെയ്യാത്ത മുസ്‌ലിമിന്ന് ശത്രുക്കൾ സ്വാഭാവികം. യഥാർഥ വിശ്വാസികളെ പരീക്ഷിക്കുവാൻ വേണ്ടി ഇസ്‌ലാമിന്റെ ശത്രുക്കളെ സൃഷ്ടിക്കുക എന്നതും റബ്ബിന്റെ നടപടിക്രമം തന്നെ.

"അപ്രകാരം തന്നെ ഓരോ പ്രവാചകനും കുറ്റവാളികളിൽപെട്ട ശത്രുക്കളെ നാം ഏർപെടുത്തിയിരിക്കുന്നു. മാർഗദർശകനായും സഹായിയായും നിന്റെ റബ്ബ് തന്നെ മതി" (അൽഫുർക്വാൻ: 31).

പ്രവാചകന്മാരാണ് ഏറ്റവും പരീക്ഷണം ഏറ്റുവാങ്ങിയവർ എന്ന് മഹാനായ മുഹമ്മദ് നബിﷺ പറഞ്ഞിട്ടുണ്ട്. പ്രവാചകന്മാരിൽ ചിലർ വധിക്കപ്പെട്ടു. ചിലർ സ്വന്തം നാടുകളിൽ നിന്നും പുറത്താക്കപ്പെട്ടു. ആദർശത്തോടുള്ള വിയോജിപ്പു തന്നെ കാരണം.

അല്ലാഹുവിന്റെ പ്രവാചകൻﷺ പറഞ്ഞു: "ഇസ്‌ലാം ആരംഭിച്ചത് തികച്ചും അപരിചിതമായ അവസ്ഥയിലാണ്. അതേ അവസ്ഥയിലേക്കു തന്നെ ഇസ്‌ലാം തിരിച്ചു പോകും"(മുസ്‌ലിം).

തുടക്കക്കാർ അനുഭവിച്ച പീഡനങ്ങളും പ്രയാസങ്ങളും ഭീഷണികളും യഥാർഥ വിശ്വാസികളുടെ എണ്ണക്കുറവും അവസാനകാലത്തുള്ളവർക്കും അനുഭവിക്കേണ്ടി വരും.

സ്വഹാബിയായ ഹുദൈഫത്തുബ്നു യമാൻؓ പറയുകയാണ്: "ഞങ്ങൾ ഒരിക്കൽ റസൂലിﷺന്റെ കൂടെ ഇരിക്കുമ്പോൾ അവിടുന്ന് പറഞ്ഞു: 'എത്ര പേർ ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നുവെന്ന് ഒന്ന് എണ്ണി നോക്കൂ.' അപ്പോൾ ഞങ്ങൾ പറയുകയുണ്ടായി: 'അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ എഴുന്നൂറിന്നും അറുന്നൂറിന്നും ഇടയിൽ ഉണ്ടായിരിക്കെ അങ്ങ് ഭയക്കുകയാണോ?' നബി ﷺ പ്രതിവചിച്ചു: 'നിങ്ങൾക്ക് ഇപ്പോൾ അറിയില്ല. നിങ്ങൾ പരീക്ഷണങ്ങൾക്ക് വിധേയമായേക്കാം.' ഹുദൈഫؓ തുടരുകയാണ്: 'ഞങ്ങൾ പരീക്ഷിക്കപ്പെട്ടു. രഹസ്യമായി നമസ്കരിക്കേണ്ട അവസ്ഥ പോലും ഞങ്ങളിൽ സംജാതമായി"(മുസ്‌ലിം).

പ്രവാചകശിഷ്യന്മാരായ സ്വഹാബികൾ പോലും പ്രവാചകന്റെ വിയോഗാനന്തരം കടുത്ത ഭയത്തിലൂന്നിയ പരീക്ഷണങ്ങൾക്ക് വിധേയമാക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഇന്നുള്ളവർ അതിൽനിന്ന് എങ്ങനെ മുക്തമാകും? ഏത് വിഷമകരമായ സാഹചര്യങ്ങളിലും വിശ്വാസികൾക്കുണ്ടാകേണ്ട നിലപാട് വിശുദ്ധ ക്വുർആൻ പ്രഖ്യാപിക്കുന്നത് കാണുക:

"തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും" (അൽബക്വറ: 156).

ഈ പ്രഖ്യാപനമാവട്ടെ വിശ്വാസികളിൽ ഉണ്ടാക്കുന്നത് ശക്തമായ വിശ്വാസമാണ്. ഫിർഔനിന്റെ ജനതയിലെ, അല്ലാഹുവിലും മൂസാനബിعليه السلامയിലും വിശ്വസിച്ചവരെ ധിക്കാരിയായ ഭരണാധികാരി ഫിർഔൻ ഭീഷണിപ്പെടുത്തി: "നിങ്ങളുടെ കൈകളും കാലുകളും എതിർവശങ്ങളിൽ നിന്നായി ഞാൻ മുറിച്ചു കളയുക തന്നെ ചെയ്യും. പിന്നെ നിങ്ങളെ മുഴുവൻ ഞാൻ ക്രൂശിക്കുകയും ചെയ്യും; തീർച്ച" (അൽഅഅ്റാഫ്: 124).

ഇത് കേട്ടയുടനെ വിശ്വാസികൾ പ്രതികരിച്ചത് ഇപ്രകാരമാണ്: "അവർ പറഞ്ഞു: തീർച്ചയായും ഞങ്ങളുടെ രക്ഷിതാവിങ്കലേക്കാണല്ലോ ഞങ്ങൾ തിരിച്ചെത്തുന്നത്" (അൽഅഅ്റാഫ്: 125).

കൊടുംനീചനായ ഭരണാധികാരിക്ക് മുമ്പിൽ പോലും വിശ്വാസത്തിന്റെ ദൗർബല്യം കാണിച്ച് ഭയവിഹ്വലരായി, അധമത്വം പേറി ജീവിക്കുവാനല്ല അവർ ശ്രമിച്ചത്. മറിച്ച് ദൃഢവിശ്വാസത്തിന്റെ അചഞ്ചലത ധൈര്യസമേതം വ്യക്തമാക്കുകയാണ് അവർ ചെയ്തത്.

കാരണം മുസ്‌ലിംകൾക്ക് നന്നായിട്ടറിയാമായിരുന്നു ഈ ഭൂമിയിൽ ആർക്കും സ്ഥിരതാമസമില്ല എന്ന്. അക്രമിക്കും അക്രമിക്കപ്പെടുന്നവനും മരണം ഒരു പോലെ. രണ്ട് കൂട്ടരും റബ്ബിന്റെയടുക്കൽ ഒരുമിച്ച് കൂട്ടപ്പെടും.

നബിﷺയെ ശത്രുക്കൾ പല നിലയിലും ദ്രോഹിക്കുകയും അപായപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തപ്പോൾ വിശുദ്ധ ക്വുർആനിലൂടെ അല്ലാഹു പറഞ്ഞു: "തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവരാകുന്നു. പിന്നീട് നിങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ വെച്ച് വഴക്ക് കൂടുന്നതാണ്" (അസ്സുമർ: 31).



“നിനക്ക് മുമ്പ് ഒരു മനുഷ്യനും നാം അനശ്വരത നൽകിയിട്ടില്ല. എന്നിരിക്കെ നീ മരിച്ചെങ്കിൽ അവർ നിത്യ ജീവികളായിരിക്കുമോ?” (അൽഅൻബിയാഅ്: 34).

ഈ മഹാ പ്രപഞ്ചത്തിനുതന്നെ പര്യവസാനമുണ്ടെന്നും സൃഷ്ടികൾ മുഴുവനും നശിക്കുമെന്നും തുടർന്നുള്ള മടക്കം ലോകങ്ങളുടെ സ്രഷ്ടാവും നിയന്താവുമായ അല്ലാഹുവിന്റെ അടുക്കലേക്കാണെന്നും അവിടെവച്ച് നന്മതിന്മകളെയും ധർമാധർമങ്ങളെയും കുറിച്ച് വിചാരണനടത്തി പൂർണമായ നീതി നടപ്പിലാക്കപ്പെടുമെന്നും മനസ്സിൽ ഉറച്ച് വിശ്വസിക്കുന്ന ഒരു മുസ്‌ലിമിനെ ഭൗതിക പരീക്ഷണങ്ങൾ തളർത്തുകയില്ല. അതുകൊണ്ടാണല്ലോ മനുഷ്യോൽപത്തിയുടെ ആരംഭത്തിൽ തന്നെ യഥാർഥ വിശാസികളുടെ ലക്ഷണമായി ജഗന്നിയന്താവ് പ്രഖ്യപിച്ചത്: “എന്നിട്ട് എന്റെയടുക്കൽ നിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ ആ മാർഗദർശനം ആർ പിൻപറ്റിയോ അവർ ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല” (അൽബക്വറ: 38).

അതായത് ഇഹത്തിലോ പരത്തിലോ യഥാർഥ വിശ്വസികൾ ഭാവിയെക്കുറിച്ച് ഭയപ്പെടുകയില്ല. കഴിഞ്ഞതിനെ പറ്റി അവർക്ക് ദുഃഖിക്കേണ്ടി വരികയുമില്ല.

“ആർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്തുവോ അവർക്ക് അവരുടെ റബ്ബിങ്കൽ പ്രതിഫലമുണ്ടായിരിക്കും. അവരുടെമേൽ യാതൊരു ഭയപ്പാടുമില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല” (അൽബക്വറ: 62).

“അങ്ങനെയല്ല, ഏതൊരാൾ സൽകർമകാരിയായിക്കൊണ്ട് അല്ലാഹുവിൽ ആത്മസമർപ്പണം ചെയ്തുവോ അവനു തന്റെ റബ്ബിന്റെയടുക്കൽ പ്രതിഫലമുണ്ട്. അത്തരക്കാർ യാതൊന്നും ഭയപ്പെടേണ്ടതില്ല, അവർ ദുഃഖിക്കേണ്ടി വരികയുമില്ല” (അൽബക്വറ: 112).

“ഞങ്ങളുടെ റബ്ബ് അല്ലാഹുവാണെന്ന് പറയുകയും പിന്നെ നേർക്കുനേരെ നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല” (അൽഅഹ്ക്വാഫ്: 13).

“നിശ്ചയം, അല്ലാഹുവിന്റെ മിത്രങ്ങളാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല”(യൂനുസ്:62).

നേർമാർഗത്തിലാണ് നാമെങ്കിൽ എന്തിന് ഭയപ്പെടണം? എന്തിന് ആശങ്ക?

ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച, സൗബാനിﷺൽ നിന്നും നിവേദനം ചെയ്ത ഒരു ഹദീഥിൽ ഇങ്ങനെ കാണാം. റസൂൽﷺ പറഞ്ഞു: “എന്റെ ഉമ്മത്തിൽ പെട്ട ഒരു വിഭാഗം സത്യത്തിന്റെമേൽ വിജയം നേടിയവരായിക്കൊണ്ടിരിക്കും. അവരെ വഞ്ചിക്കുന്നവർ അവർക്ക് ഒരു ഉപദ്രവും ചെയ്യുകയില്ല.”

ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച, മുആവിയﷺയിൽനിന്ന് റിപ്പോർട്ട് ചെയ്ത മറ്റൊരു ഹദീഥിൽ നബിﷺ പറഞ്ഞു: “എന്റെ സമുദായത്തിൽ നിന്നും ഒരു വിഭാഗം അല്ലാഹുവിന്റെ കൽപന അനുസരിച്ച് നിലകൊള്ളുന്നവരായി ഉണ്ടായിക്കൊണ്ടേയിരിക്കും. അവരെ കൈയൊഴിച്ചവരോ അവരോട് വിയോജിച്ചവരോ അവർക്കൊരു വിഷമവും വരുത്തുകയുമില്ല. അല്ലാഹുവിന്റെ കാര്യം വരുന്നതുവരെ അവർ ആ സ്ഥിതിയിൽ തന്നെയായിരിക്കും.”

നബിﷺ പറയുകയാണ്: “എന്റെ സമുദായത്തെ മുഴുവൻ ഒന്നിച്ച് വരൾച്ച മുഖേന നശിപ്പിക്കരുതെന്ന് എന്റെ റബ്ബിനോട് ഞാൻ ദുആ ചെയ്തു. അവരിൽ നിന്നല്ലാത്ത ശത്രുവിനെക്കൊണ്ട് (മുശ്‌രിക്കുകൾ, ജൂത- ക്രിസ്താനികൾ) അവർ അടിച്ചമർത്തപ്പെടരുതെന്നും ഞാൻ പ്രാർഥിച്ചു. എന്നാൽ മുസ്‌ലിംകളിൽചിലർ ചില വിഭാഗത്തെ നശിപ്പിക്കും. ചിലർ ചിലരെ ബന്ദിയാക്കും. ഇതിന് എതിരെ ഞാൻ പ്രാർഥിച്ചെങ്കിലും റബ്ബ് എനിക്ക് ഉത്തരം നൽകിയില്ല” (മുസ്‌ലിം).

ഇസ്‌ലാമിന്റെ പുറത്തുള്ളവർക്ക് മുസ്‌ലിംകളെ ഒന്നടങ്കം നശിപ്പിക്കാൻ സാധിക്കില്ല. കാരണം യഥാർഥ വിശ്വാസം ഉൾക്കൊണ്ട് ജീവിക്കുന്ന മുസ്‌ലിംകൾക്ക് അല്ലാഹുവിൽ നിന്നുള്ള സഹായം സുനിശ്ചിതമാണ്.

“തീർച്ചയായും നാം നമ്മുടെ ദൂതൻമാരെയും വിശ്വസിച്ചവരെയും ഐഹിക ജീവിതത്തിലും സാക്ഷികൾ രംഗത്തുവരുന്ന ദിവസത്തിലും സഹായിക്കുകതന്നെ ചെയ്യും” (ഗാഫിർ: 51).

അല്ലാഹു കൂടെയുണ്ടെന്ന വിശ്വാസവും അവന്റെ സഹായത്തിലുള്ള പ്രതീക്ഷയും വിശ്വാസികൾക്ക് നൽകുന്ന കരുത്ത് വിവരണാതീതമാണ്.

റസൂൽﷺ അബൂബക്കറിﷺന്റെ കൂടെ സൗർ ഗുഹയിൽ ഒളിച്ചിരിക്കുമ്പോൾ ശത്രുക്കൾ ഗുഹാമുഖത്ത് എത്തി. അബുബക്കർﷺ പറഞ്ഞു പോയി: ‘അല്ലാഹുവിന്റെ ദൂതരേ, അവരിൽ ആരെങ്കിലും അവരുടെ കാൽകീഴിലൂടെ നോക്കിയിരുന്നെങ്കിൽ നമ്മളെ കണ്ടെത്തിയേനെ.’ അപ്പോൾ റസൂൽﷺ മറുപടി നൽകി: ‘അബൂബക്കർ, താങ്കൾ എന്താണ് വിചാരിച്ചത്? ന

മ്മൾ രണ്ടാളുടെ കൂടെ മൂന്നാമനായി അല്ലാഹു ഇല്ലയോ?' (ബുഖാരി).

ദാത്തുരിഖാഅ് യുദ്ധത്തിൽ ഒരു മരച്ചുവട്ടിൽ ഉറങ്ങുകയായിരുന്ന നബിﷺയുടെ അടുത്ത് ഒരാൾ വന്നു. പ്രവാചകന്റെ വാളെടുത്ത് തിരുമേനിയുടെ തലയുടെ അടുത്ത് നിന്നും ചോദിച്ചു: 'എന്നിൽ നിന്നും നിന്നെ ആര് രക്ഷിക്കും?' നബിﷺ ഉടനെ പറഞ്ഞു: 'അല്ലാഹു.' അയാൾ വീണ്ടും ചോദ്യം ആവർത്തിച്ചു: 'എന്നിൽ നിന്ന് നിന്നെ ആര് രക്ഷിക്കും?' റസൂൽﷺ സധൈര്യം വീണ്ടും പറഞ്ഞു: 'അല്ലാഹു.' അയാൾ വാളുപേക്ഷിച്ച് മാറി ഇരുന്ന് പോയി' (മുസ്‌ലിം).

ഒരു സത്യവിശ്വാസിക്ക് അല്ലാഹു കൂടെയുണ്ടെന്ന ബോധം നൽകുന്നത് തികഞ്ഞ നിർഭയത്വമാണ്. എല്ലാ പ്രതിസന്ധികളെയും അതിജയിക്കുവാൻ അതവനു കരുത്ത് നൽകുന്നു.

"തന്റെ അടിമക്ക് അല്ലാഹു പോരേ? അവന്ന് പുറമെയുള്ളവരെപ്പറ്റി അവർ നിന്നെ പേടിപ്പിക്കുന്നു" (അസ്സുമർ: 36).

വ്യത്യസ്ത പരീക്ഷണങ്ങൾ അല്ലാഹുവിൽനിന്നാണെന്ന് ഉറച്ച് വിശ്വസിക്കുന്ന ഒരു മുസ്‌ലിമിന് പരീക്ഷണങ്ങളിൽ ഭയമോ ദുഃഖമോ വ്യസനമോ ഉണ്ടാവുകയില്ല. സത്യത്തിന്റെ പതാക വാഹകർക്ക് നിരാശയുണ്ടാവുകയില്ല.

ലോകം കണ്ട ഏറ്റവും വലിയ ധിക്കാരിയും അഹങ്കാരിയുമായ, അധികാരത്തിന്റെ ഹുങ്കിൽ ഞാനാണ് അത്യുന്നതനായ റബ്ബ് എന്ന് വിളിച്ചുപറഞ്ഞ ഫിർഔനിന്റെ കൊട്ടാരത്തിൽ മഹാനായ മൂസാ നബി(عليه السلام)യും സഹോദരൻ ഹാറൂൺ നബി(عليه السلام)യും പ്രബോധനത്തിനായി പോകുമ്പോൾ അവർ അല്ലാഹുവിനോട് പ്രാർഥിച്ചു:

"അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, അവൻ (ഫിർഔൻ) ഞങ്ങളുടെ നേർക്ക് എടുത്തുചാടുകയോ, അതിക്രമം കാണിക്കുകയോ ചെയ്യുമെന്ന് ഞാൻ ഭയപ്പെടുന്നു. അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങൾ ഭയപ്പെടേണ്ട. തീർച്ചയായും ഞാൻ നിങ്ങളുടെ കൂടെയുണ്ട്. ഞാൻ കേൾക്കുകയും കാണുകയും ചെയ്യുന്നുണ്ട്" (ത്വാഹാ: 45,46).

ഫിർഔനിന്റെ അതിക്രമങ്ങളിൽ നിന്ന് മൂസാനബി(عليه السلام) ഇസ്‌റാഈൽ ജനതയെ രക്ഷപ്പെടുത്തി കൊണ്ടുപോകുമ്പോൾ ഫിർഔൻ അവരെ പിന്തുടർന്നു. മൂസാ നബി(عليه السلام) ചെന്നെത്തിയതാകട്ടെ കടലിന്റെ മുന്നിൽ. പിന്നിൽ ഫിർഔനും സൈന്യവും! അക്ഷരാർഥത്തിൽ ചെകുത്താനും കടലിനുമിടയിൽ. ഈ സന്ദർഭത്തിൽ പ്രതീക്ഷയറ്റ ഇസ്‌റാഈൽ ജനത പറഞ്ഞത് 'തീർച്ചയായും നാം പിടിയിലകപ്പെടാൻ പോകുന്നു'(അശ്ശുഅറാഅ്: 61) എന്നായിരുന്നു.

അപ്പോൾ മൂസാനബി(عليه السلام)യുടെ പ്രതികരണം: "ഒരിക്കലുമില്ല, എന്റെ റബ്ബ് എന്റെ കൂടെയുണ്ട്. അവൻ എനിക്ക് വഴി (പോം വഴി)കാണിച്ച് തരും" (അശ്ശുഅറാഅ്: 62).

ലോകത്തുള്ള സകലരും ഒറ്റക്കെട്ടായി എതിരിട്ടാലും വിശ്വാസികൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ ചെയ്യേണ്ടതില്ല; അവർ യഥാർഥ വിശ്വാസികളാണെങ്കിൽ. കാരണം അല്ലാഹുവിൽ നിന്നുള്ള സഹായത്തെക്കാൾ വലുതായി മറ്റൊരു സഹായമില്ല.

"നിങ്ങളെ അല്ലാഹു സഹായിക്കുന്ന പക്ഷം നിങ്ങളെ തോൽപിക്കാനാരുമില്ല. അവൻ നിങ്ങളെ കൈവിട്ടുകളയുന്ന പക്ഷം അവനു പുറമെ ആരാണ് നിങ്ങളെ സഹായിക്കാനുള്ളത്? അതിനാൽ സത്യവിശ്വാസികൾ അല്ലാഹുവിൽ ഭരമേൽപിക്കട്ടെ" (ആലുഇംറാൻ: 160).

അധികാരത്തിന്റെ ചെങ്കോലും കിരീടവും ഉപയോഗിച്ച് വിശ്വാസികളെ അടിച്ചമർത്തിയാലും അന്തിമവിജയം സത്യവിശ്വാസികൾക്കാണെന്ന് ചരിത്രം പഠിപ്പിക്കുന്നു.

അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചതു മുതൽ ദജ്ജാലിന്റ ഫിത്നയെക്കാൾ മറ്റൊരു വലിയ പരീക്ഷണം ഇതുവരെ ഉണ്ടായിട്ടില്ല എന്ന നബിﷺയുടെ പ്രഖ്യാപനവും (സ്വഹീഹുൽജാമിഅ് 7875) ആ കഠിന പരീക്ഷണ നാളുകളിൽ പോലും ദജ്ജാലിനോടുള്ള അവിശ്വാസം തുറന്ന് പ്രഖ്യാപിക്കുന്ന സത്യവിശ്വാസിയെയും ദജ്ജാലിൽ വിശ്വസിക്കാത്ത സത്യവിശ്വാസികളുടെ നിർഭയത്വത്തെയും നാം പഠിച്ചറിയുക.

കൂടെ ജീവിതത്തിന്റെ നിഖില മേഖലകളിലും അല്ലാഹുവിനെ മാത്രം ഭയന്ന്, ലോകസ്രഷ്ടാവിന്റെ നിരീക്ഷണം നമ്മുടെ സകല പ്രവർത്തനങ്ങളിലും ഉണ്ടെന്ന ബോധത്തിൽ സൂക്ഷ്മതയോടെ ജീവിക്കുക. ശിർക്ക്, ബിദ്അത്തുകളെ പൂർണമായി വർജിച്ചു കൊണ്ടും സുന്നത്തുകളെ സ്നേഹിച്ചുകൊണ്ടുമുള്ള ഒരു മാതൃകാജീവിതം കെട്ടിപ്പടുക്കുക.

"അതായത് അല്ലാഹുവിന്റെ സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുകയും അവനെ പേടിക്കുകയും അല്ലാഹുവല്ലാത്ത ഒരാളെയും പേടിക്കാതിരിക്കുകയും ചെയ്തിരുന്നവരുടെ കാര്യത്തിലുള്ള (അല്ലാഹുവിന്റെ നടപടി). കണക്ക് നോക്കുന്നവനായി അല്ലാഹു തന്നെ മതി" (അൽഅഹ്സാബ്: 39).

പി.എൻ. അബ്ദുല്ലത്വീഫ് മദനി
pnmadani@gmail.com





# വ്രതവൃത്തത്തിന്റെ സാമൂഹ്യ വ്യാപ്തി

**മു**സ്‌ലിം ലോകം റമദാൻ വ്രതത്തിലേക്കു കാലെടുത്തുവച്ചു കഴിഞ്ഞു. പതിനൊന്നു മാസത്തെ പ്രയാണ ദിശയിൽ നിന്ന് അൽപമൊന്നു മാറിയുള്ള സഞ്ചാരം. പ്രഭാത പ്രകാശം പിറക്കുന്നതിന് മുമ്പ് അന്നപാനീയങ്ങൾ വെടിയണം. സന്ധ്യ ഇരുട്ടുന്നതുവരെ ഇത് തുടരണം. ഭാര്യാഭർത്താക്കന്മാർ ശാരീരിക ബന്ധം ഒഴിവാക്കണം. ശരീരത്തെക്കാൾ വ്രതം വേണ്ടത് മനസ്സിനും അതിന്റെ പണിയായുധമായ നാവിനും. ആമാശയത്തിൽ ഒന്നും എത്തുന്നില്ലെന്നു ഉറപ്പുവരുത്തിയാൽ മാത്രം നോമ്പാവുന്നില്ല.

ചിന്തയും സംസാരവും കർമവും സംസ്‌കാരവും വ്രതവിശുദ്ധികൊണ്ട് സംസ്‌കരിക്കപ്പെടണം. ആമാശയ കശേരുക്കൾ മാത്രം പട്ടിണികിടന്നു വ്രതമെടുത്താൽ മതിയാവില്ല. ജനസമ്പർക്ക രംഗങ്ങളിലെല്ലാം നോമ്പിന്റെ സ്വാധീനം പ്രകടമാവണം. അതുകൊണ്ടു തന്നെ വ്രതത്തിന്റെ ഭൗതികവും ആത്മീയവുമായ തലം വളരെ വിശാലവും പരസ്പര പൂരകവുമാണ്.

സഹജീവികളോടുള്ള സനേഹസ്പർശം വ്രതമനോഹാരിതയ്ക്കു മാറ്റുകൂട്ടുന്നു. ഉദാരതയാണ് മനുഷ്യത്വത്തിന്റെ കണ്ഠാഭരണം. വിഭവ സമൃദ്ധിയിൽ അഭിരമിച്ചിരുന്ന ധന ശേഷിയുള്ളവർ വിശപ്പിന്റെ കാഠിന്യമറിയുമ്പോൾ വിശന്നുപൊരിയുന്ന വയറുകളെ തിരിച്ചറിയുന്നു. താൻ പട്ടിണികിടക്കുന്നതിന്റെ അന്തസ്സത്ത സാക്ഷാത്കരിക്കപ്പെടാൻ നിത്യദുരിതമനുഭവിക്കുന്നവരെ സഹായിക്കണമെന്ന ബോധ്യം അവന്റെ സാമൂഹ്യ ഗുണകാംക്ഷയെ പരിപോഷിപ്പിക്കുന്നു.

അതുകൊണ്ടു തന്നെ പരസഹായത്തിന്റെ ആത്മഹർഷം അനുഭവിച്ചറിയാത്ത ധനികൻ ഏതാനും മണിക്കൂറുകൾ പട്ടിണികിടന്നു സന്ധ്യ മയങ്ങിയാൽ തന്റെ തീന്മേശയിൽ നിരത്തിവച്ച വിഭവ വൈവിധ്യങ്ങൾകൊണ്ട് ഉദരസേവ ചെയ്യുന്നതല്ല നോമ്പ്. തന്റെ പരിസരങ്ങളിൽ അവശതയനുഭവിക്കുന്ന സഹോദരങ്ങൾക്ക് ആഹാരം നൽകിയാൽ ആ പാവങ്ങളുടെ മനപ്പൊരുത്തം മാത്രം മതിയാവും അയാൾക്ക്മുമ്പിൽ സ്വർഗ കവാടം തുറക്കപ്പെടാൻ!

ഒരുവിശ്വാസിയുടെ കരുത്ത് പ്രാഥനയാണ്. വ്രതനാളുകൾ ദൈവകാരുണ്യത്തിന്റെ വർഷ മേഘങ്ങൾ പെയ്തിറങ്ങുന്ന മാസമാണ്. ഒരു സൂക്ഷ്മ ജീവിയുടെ തടവറയിലാണിന്നു ലോകം. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സമൃദ്ധിയിൽ അഹങ്കരിച്ചിരുന്നവർ ആ സൂക്ഷ്മ ജീവിക്കുമുമ്പിൽ ശീർഷാസനം ചെയ്യുകയാണ്. ആ രോഗവ്യാപനത്തെ തടയാൻ ഭൗതിക സന്നാഹങ്ങൾ മാത്രം മതിയാവില്ല. സ്രഷ്ടാവായ അല്ലാഹുവിന്റെ തീരുമാനത്തിന്നാണ് ആ ജീവി കാത്തിരിക്കുന്നത്. പടച്ചവനോട് സമാശ്വാസം ചോദിച്ചു വാങ്ങേണ്ടത് വിശ്വാസികളാണ്. വ്രതമനുഷ്ഠിച്ചു മനം ഉരുകിയൊലിക്കട്ടെ. കരങ്ങൾ വിഹായസ്സിലേക്കുയരട്ടെ. മഹാമാരി വഴിമാറിപ്പോകാൻ പ്രാർഥന ഒഴിവാക്കിക്കൊണ്ടുള്ള പോംവഴികൾ വേരുപിടിക്കില്ല.

അബൂഹംദ ആലിക്കൽ
mail@nerpatham.com





# അഭിമാനം കവരുന്ന സൗജന്യ ഭക്ഷ്യക്കിറ്റുകൾ

'കൊറോണ വൈറസ് ഡിസീസ് 2019' എന്ന 'കോവിഡ്19' ലോകത്തെ വലിയ ഭീതിയിലാഴ്ത്തിക്കൊണ്ടിരിക്കുന്നു. ഈ വൈറസ്ബാധ നിമിത്തം മരണപ്പെട്ടവരുടെ എണ്ണം ഒന്നര ലക്ഷം കവിഞ്ഞു. രോഗ ബാധിതർ ഇരുപത് ലക്ഷത്തിനു മുകളിലാണ്.

നമ്മുടെ രാജ്യത്ത് രോഗബാധിതരുടെ എണ്ണവും മരണപ്പെട്ടവരുടെ എണ്ണവും ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ താരതമ്യേന കുറവാണ്. രാജ്യം പരിപൂർണ ജാഗ്രതയിലാണ്. കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും സമയാസമയം ഗൗരവതരമായ മുന്നറിയിപ്പുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. വിദേശത്തേക്കുള്ള യാത്രകളും വിദേശത്തുനിന്നുള്ള തിരിച്ചുവരവുകളും നിർത്തിവെച്ചിട്ട് ആഴ്ചകളോളമായി. കോവിഡിനെ പ്രതിരോധിക്കുന്നതിൽ നമ്മുടെ സംസ്ഥാനമാകട്ടെ ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്.

ജനങ്ങളുടെ സുരക്ഷിതത്വം കണക്കിലെടുത്ത് കഴിഞ്ഞ മാർച്ച് 22ാം തീയതി രാജ്യം മുഴുവൻ കർഫ്യൂ ആചരിച്ചു. തുടർന്ന് കേരള സർക്കാർ മാർച്ച് 31 വരെ ലോക്ക് ഡൗൺ പ്രഖ്യാപിച്ചു. എന്നാൽ അതിനു പുറകെ കേന്ദ്ര ഗവൺമെന്റ് ഏപ്രിൽ 14 വരെ ജനങ്ങൾ പുറത്തിറങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് 'ലോക്ക് ഡൗൺ' പ്രഖ്യാപിച്ചു. ശേഷം പ്രധാനമന്ത്രി സംസ്ഥാന മുഖ്യമന്ത്രിമാരുമായി നടത്തിയ വീഡിയോ കോൺഫറൻസിൽ രണ്ടാഴ്ചത്തേക്ക് കൂടി ലോക്ക്ഡൗൺ നീട്ടാൻ ധാരണയായി.

ഈ അവസ്ഥയിൽ ജനങ്ങളുടെ ദൈനംദിന ജീവിതത്തിലെ പ്രയാസങ്ങൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. രാജ്യത്തെ ജനങ്ങൾ പലവിധ ജോലികൾ ചെയ്തുകൊണ്ട് നിത്യവൃത്തിക്കുള്ള വക കണ്ടെത്തുന്നവരാണ്. കൂറെ പേർ സർക്കാർ ഉദ്യോഗസ്ഥരാണ്. അതിലേറെയാളുകൾ ചെറുകിട വ്യാപാരികളും കൂലിത്തൊഴിലുകളിൽ ഏർപ്പെടുന്നവരായും ഉണ്ട്. ഇതിൽ ഏറെ പരിതാപകരമാണ് കൂലിപ്പണി ചെയ്തുകൊണ്ട് ദൈനംദിന ചെലവ് കണ്ടെത്തുന്നവരുടെ അവസ്ഥ. അവരെ സമൂഹം ഏറ്റെടുക്കേണ്ടതുണ്ട്. പാവപ്പെട്ടവന്റെ പ്രയാസങ്ങൾ നീക്കം ചെയ്യാൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

കേരളം ഈ രംഗത്ത് നല്ല മാതൃകയാണ്. ഇതിനകം കേരള ജനത അഭിമുഖീകരിച്ച പ്രയാസങ്ങളെയെല്ലാം നിഷ്പ്രയാസം തരണം ചെയ്തിട്ടുണ്ട്. കേരള ജനതയുടെ കൈമെയ് മറന്ന സഹകരണവും നിഷ്കളങ്ക മനോഭാവവും തന്നെയാണ് ഇതിനുപിന്നിലെ കരുത്ത് എന്ന് ലോകം അഭിപ്രായപ്പെട്ടു. തുടർച്ചയായി രണ്ടു വർഷങ്ങളിൽ സംഭവിച്ച പ്രളയത്തിൽ ഒരുപാട് പേർക്ക് സ്വന്തം കിടപ്പാടങ്ങൾ നഷ്ടമായി. ജീവിതമാർഗം വഴിമുട്ടി. ഈ ഘട്ടത്തിൽ കേരള സർക്കാറും കേരളത്തിലെ വ്യത്യസ്ത മത സംഘടനകളും കൂട്ടായ്മകളും രാഷ്ട്രീയ പാർട്ടികളും ചേർന്ന് ദുരിതബാധിതരുടെ കണ്ണീരൊപ്പാൻ തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്തു.

കോവിഡ്19 കേരളത്തിലേക്ക് പ്രവേശിക്കുന്ന സമയത്ത് വയനാട്ടിലും അടിവാരം, ഈങ്ങാപ്പുഴ ഭാഗങ്ങളിലും കുരങ്ങ് പനി പ്രത്യക്ഷപ്പെട്ടപ്പോൾ കോഴിക്കോട് മലപ്പുറം ജില്ലകളിലെ ചില സ്ഥലങ്ങളിൽ പക്ഷിപ്പനി പ്രകടമായി. നിപ വൈറസ് വരുത്തിയ ദുരന്തം കെട്ടടങ്ങും മുമ്പാണ് ഇതെല്ലാം എന്നോർക്കണം.



സാക്ഷര സമൂഹമായ കേരള ജനതയുടെ മുമ്പിൽ പക്ഷേ, ഇതിനൊന്നും നിലനിൽപില്ലായിരുന്നു. നഷ്ടപ്പെട്ടവരുടെ നഷ്ടങ്ങളെ സ്വന്തം നഷ്ടങ്ങളായി കണക്കിലെടുത്ത് അവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യാൻ സംസ്ഥാനത്തെ ജനങ്ങൾ എല്ലാ അഭിപ്രായ വ്യത്യാസങ്ങളും മറന്ന് ഒന്നിച്ച് കൈകോർത്തു.

ഇതിനിടയിൽ ചിലരെങ്കിലും തങ്ങളുടെ പ്രസ്ഥാനത്തിന്റെ മൈലേജ് കൂട്ടാൻ തങ്ങൾ നിർമിച്ചു നൽകുന്ന വീടുകൾ കൈമാറുമ്പോഴും ഭക്ഷണപ്പൊതികളും അവശ്യവസ്തുക്കളുടെ കിറ്റുകളും മറ്റും അതിനർഹരായ പാവപ്പെട്ടവർക്ക് നൽകുമ്പോഴും ആ



പാവങ്ങൾ അത് ഏറ്റുവാങ്ങുന്ന ഫോട്ടോ എടുക്കാനും അത് വാർത്തയാക്കാനും സമൂഹമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കാനും ശ്രമിക്കുന്നതായി കണ്ടു. പ്രവർത്തനത്തിന്റെ സുതാര്യത അവകാശപ്പെടാൻ രേഖകൾ നല്ലതുതന്നെ. എന്നാൽ അത് വാങ്ങുന്നവന്റെ അഭിമാനത്തിന് ക്ഷതമേൽക്കാതെ ചെയ്യലല്ലേ മാന്യത?

സമ്പന്നരും ദരിദ്രരും അടങ്ങുന്നതാണ് സമൂഹം. പരസ്പരം സഹകരിച്ചും സ്നേഹിച്ചും സഹായിച്ചും ജീവിക്കുമ്പോഴാണ് കെട്ടുറപ്പുള്ള, ബലവത്തായ ഒരു സമൂഹമായി മാറുക. സമൂഹത്തിലെ ദരിദ്രരെയും പാവപ്പെട്ടവരെയും സംരക്ഷിക്കൽ കഴിവുള്ളവരുടെ ബാധ്യതയാണ്. ഇവിടെയാണ് ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നായ സകാത്തിന്റെ പ്രസക്തി നാം തിരിച്ചറിയേണ്ടത്. സമൂഹത്തിലെ ധനികരും സമ്പന്നരുമായ ആളുകളിൽനിന്ന് അവരിലെ ധനത്തിന് നൽകേണ്ട സകാത്തിന്റെ വിഹിതം ശേഖരിക്കുകയും സകാത്തിനർഹരായ സമൂഹത്തിലെ എട്ട് വിഭാഗം ആളുകൾക്ക് അത് നൽകുകയും ചെയ്യേണ്ടതുണ്ട്.

“ദാനധർമങ്ങൾ (നൽകേണ്ടത്) ദരിദ്രന്മാർക്കും അഗതികൾക്കും അതിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും (ഇസ്‌ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും അടിമകളുടെ (മോചനത്തിന്റെ) കാര്യത്തിലും കടംകൊണ്ട് വിഷമിക്കുന്നവർക്കും അല്ലാഹുവിന്റെ മാർഗത്തിലും വഴിപോക്കന്നും മാത്രമാണ്. അല്ലാഹുവിങ്കൽ നിന്ന് നിശ്ചയിക്കപ്പെട്ടതത്രെ അത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്” (ക്വുർആൻ 9:60).

മേൽ വചനത്തിൽ പറയപ്പെട്ട രണ്ടാമത്തെ വിഭാഗം അഗതികൾ അഥവാ പാവപ്പെട്ടവരാണ്. ആരാണ് യഥാർഥത്തിൽ പാവപ്പെട്ടവർ? ജോലിയുണ്ട്, വീടുണ്ട്, ചിലപ്പോൾ ചെറിയ വാഹനവും ഉണ്ടാവാം. എങ്കിലും കിട്ടുന്ന വേദനം നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനും ആശുപത്രി ചെലവുകൾക്കും മക്കളുടെ പഠനചെലവുകൾക്കും മറ്റും തികയാതെ വരികയും എന്നാൽ തങ്ങളുടെ അഭിമാനത്തെയയോർത്ത് മറ്റുള്ളവരുടെ മുന്നിൽ കൈ നീട്ടി യാചിക്കാതിരിക്കുന്നവരുമാണ് അവർ. ഇവർ സമൂഹത്തിൽ ധാരാളമുണ്ട്. അന്വേഷിച്ചാൽ മത്രമെ ഇത്തരക്കാരെ കണ്ടുപിടിക്കാനാവൂ. ഇത്തരക്കാരുടെ ഭക്ഷണത്തിന്റെ കാര്യത്തിൽ പ്രോത്സാഹനം കാണിക്കാത്തവരെ കടുത്ത ഭാഷയിലാണ് ക്വുർആൻ വിമർശിക്കുന്നത്.

“മതത്തെ വ്യാജമാക്കുന്നവൻ ആരെന്ന് നീ കണ്ടുവോ? അനാഥക്കുട്ടിയെ തള്ളിക്കളയുന്നവനത്രെ അത്. പാവപ്പെട്ടവന്റെ ഭക്ഷണത്തിന്റെ കാര്യത്തിൽ പ്രോത്സാഹനം നടത്താതിരിക്കുകയും ചെയ്യുന്നവൻ” (ക്വുർആൻ 107:3).

പാവപ്പെട്ടവന് ഭക്ഷണം നൽകാതിരിക്കുന്നതും അതിന് പ്രേരണ നൽകാത്തതും എത്രത്തോളം ഗൗരവമുള്ള കാര്യമാണ് എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. സന്തോഷകരമെന്നു പറയട്ടെ, കോവിഡ് കാലത്ത് വീട്ടിലിരിക്കുന്ന പാവങ്ങൾക്ക് പലരൂപത്തിലും സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കുന്ന പല സന്നദ്ധ സംഘടനകളുമുണ്ട്.




എടുത്തുപറയേണ്ട കാര്യമാണ് ഈ അവസരത്തിൽ കേരള സർക്കാരിന്റെ ഈ രംഗത്തെ പ്രവർത്തനങ്ങൾ. റേഷൻ സംവിധാനത്തിലൂടെ ഫ്രീ റേഷനും അതോടൊപ്പം തന്നെ 18ഓളം പലവ്യഞ്ജനങ്ങൾ അടങ്ങുന്ന കിറ്റും ഓരോ റേഷൻ കാർഡ് ഉടമക്കും നൽകാൻ തീരുമാനിച്ചു എന്നത് ശ്ലാഘനീയമാണ്. അതുപോലെ തന്നെ പല മതസംഘടനകളും നാട്ടുകൂട്ടങ്ങളും റസിഡൻസ് അസോസിയേഷനുകളും വ്യക്തികളുമൊക്കെ ഈ രംഗത്ത് പരമാവധി സഹായവുമായി രംഗത്തുണ്ട്.

നേരത്തെ സൂചിപ്പിച്ച പോലെ, ഈ സഹായം നൽകൽ പ്രയാസപ്പെടുന്നവരുടെ അഭിമാനത്തിന് ക്ഷതമേൽപിച്ചുകൊണ്ടാകരുത്. വാട്സാപ്പിൽ വന്ന ഒരു വീഡിയോ കണ്ടു. അതിന്റെ ഉള്ളടക്കം ഇതാണ്: ഒരു കൂട്ടായ്മയിലുള്ള രണ്ടോ മൂന്നോ പേർ ഒരു സൗജന്യ കിറ്റുമായി ഒരു വീട്ടുകാരന്റെ അടുത്ത് വരുന്നു. അയാൾ കതക് തുറന്ന് പുറത്ത് വരുന്നു. വന്നവർ കാര്യങ്ങൾ പറയുന്നു, കിറ്റുകൾ അയാൾക്ക് കൈമാറുന്നു. ആ സമയം വന്നവരിൽ ഒരാൾ കിറ്റ് വാങ്ങുന്ന വ്യക്തിയുടെ ഫോട്ടോ എടുക്കുന്നു. ഉടൻ ആ വീട്ടുകാരൻ അവർ നൽകിയ കിറ്റ് തിരിച്ച് കൊടുത്തുകൊണ്ട് പറയുന്നു: 'ഞാൻ ഇതിനർഹനല്ല. നിങ്ങൾ വേറെ അളുകൾ ഉണ്ടോ എന്നന്വേഷിക്ക്.' ഇതും പറഞ്ഞ് അയാൾ വീട്ടിനകത്ത് കയറി വാതിൽ അടച്ച് വിതുമ്പുന്നു. ഭാര്യ ചോദിക്കുന്നു: 'ഹേയ്, മനുഷ്യാ! ഇവിടെ നമ്മളല്ലാതെ ആരാ അതിനർഹർ?' അദ്ദേഹം നൊമ്പരത്തോടെ പറയുന്നു: 'കാര്യം നമ്മൾ പാവങ്ങളൊക്കെ തന്നെയാ. പക്ഷേ, നമുക്കുമില്ലേ അഭിമാനം?'

ഇത് നിർമിത വീഡിയോ അല്ലേ എന്ന് പറഞ്ഞ് ന്യായീകരിക്കേണ്ടതില്ല. സമാനമായ സംഭവങ്ങൾ എത്രയോ നടന്നിട്ടുണ്ട്. നടക്കുന്നുണ്ട്. സമൂഹത്തിൽ പാവപ്പെട്ടവരുടെ കണ്ണീരൊപ്പാൻ പ്രവർത്തിക്കുന്നവർ ചിന്തിക്കുക, ഇതിനകം എത്ര പേരുടെ അഭിമാനം നിങ്ങൾ കവർന്നു? ആരെയൊക്കെ നിങ്ങൾ അപമാനിച്ചു നിങ്ങളുടെ സഹായഹസ്തം സ്വീകരിച്ചതിന്റെ പേരിൽ? ആരെയുമില്ല എന്നാണ് ഉത്തരമെങ്കിൽ അഭിമാനിക്കാം. അല്ലെങ്കിൽ....

അല്ലാഹു പറയുന്നു: "ആഹാരത്തോട് പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരന്നും അവരത് നൽകുകയും ചെയ്യും. (അവർ പറയും:) അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽ നിന്ന് യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല" (ക്വുർആൻ 76:8,9).

പാവപ്പെട്ടവരെ സഹായിക്കുക. അവർക്ക് തണലാവുക. വ്യക്തിപ്രഭാവം ആഗ്രഹിച്ചുകൊണ്ടല്ല, സംഘടന വളർത്താനല്ല, പാർട്ടി വലുതാക്കാനല്ല, കൊടുക്കുന്നവരിൽ നിന്ന് ഒരു നന്ദിവാക്ക് പോലും പ്രതീക്ഷിച്ചുമല്ല. പരലോകത്ത് ലഭിക്കുന്ന പ്രതിഫലം മാത്രം ആഗ്രഹിച്ച് ആത്മാർഥമനസ്സോടെ നൽകുക. അതിൽ മാനസികോല്ലാസം കണ്ടെത്തുക.


സമൂഹത്തിൽ ചില വ്യക്തികളും ചില സംഘടനകളും വളരെ മാതൃകപരമായി ഇത്തരം ദൗത്യനിർവഹണത്തിൽ ഏർപ്പെടുന്നുണ്ട്. അവർ നൽകുന്നതിന്റെ ഫോട്ടോ പ്രചരിപ്പിക്കാറില്ല. എന്നാൽ സുതാര്യതക്ക് വേണ്ടി കൃത്യമായ എണ്ണവും കണക്കും സൂക്ഷിക്കാറുണ്ട്. തങ്ങൾ ആർക്ക് സഹായം നൽകുന്നു എന്നത് അവർ സമൂഹത്തോട് കൊട്ടിഘോഷിക്കാറില്ല. അതിനാൽ തന്നെ ആരുടെയും അഭിമാനത്തിന് അത് ക്ഷതമേൽപിക്കുന്നില്ല. ആയിരങ്ങളുടെ കാഴ്ചയിലേക്ക് അത് എത്തുന്നില്ല.

ഈ ഒരു രീതിയാണ് നാം പിൻപറ്റേണ്ടത്. ഒരാളുടെയും അഭിമാനം നാം കാരണം നഷ്ടപ്പെട്ടുകൂടാ. അഭിമാനം പവിത്രമാണെന്ന പ്രവാചക വചനം ഓർക്കുക.

ശൈഖ് സഅദ് ബിൻ നാസർ അശ്ശത്‌രി
വിവ: ശമീർ മദീനി



സ്വൂഫികളും വിശ്വാസ വ്യതിയാനങ്ങളും 9



# വിധിയിലുള്ള വിശ്വാസം

നന്മ, തിന്മകളായി ലോകത്ത് എന്തെല്ലാം നടക്കുന്നുണ്ടോ അവയെല്ലാം അല്ലാഹുവിന്റെ അറിവോടും തീരുമാനത്തോടും കൂടിയാണ് സംഭവിക്കുന്നത്. അതൊക്കെയും അല്ലാഹു ലൗഹുൽ മഹ്ഫൂളിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അവയെ സൃഷ്ടിച്ചതും അല്ലാഹുവാണ്. ഈ സംഗതികൾ ഈമാൻ കാര്യങ്ങളിലെ വിധിവിശ്വാസത്തിന്റെ ഭാഗമാണ്. അല്ലാഹു പറയുന്നു:

"തീർച്ചയായും ഏതു വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥപ്രകാരമാകുന്നു" (ക്വുർആൻ 54:49).

"ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ആർക്കാണോ അവനത്രെ (അത് അവതരിപ്പിച്ചവൻ). അവൻ സന്താനത്തെ സ്വീകരിച്ചിട്ടില്ല. ആധിപത്യത്തിൽ അവന്ന് യാതൊരു പങ്കാളിയും ഉണ്ടായിട്ടുമില്ല. ഓരോ വസ്തുവെയും അവൻ സൃഷ്ടിക്കുകയും അതിനെ അവൻ ശരിയാംവണ്ണം വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 25:2).



പക്ഷേ, മനുഷ്യർ കാര്യകാരണ ബന്ധങ്ങളെ സമീപിക്കുന്നത് ഇതിന് എതിരല്ല. മനുഷ്യന് ഇച്ഛാസ്വാതന്ത്ര്യമില്ല എന്നും ഇതിനർഥമില്ല. മറിച്ച് അതുണ്ട്. പക്ഷേ, മനുഷ്യന്റെ ഉദ്ദേശ്യങ്ങളും ആഗ്രഹങ്ങളുമൊക്കെ അല്ലാഹുവിന്റെ ഉദ്ദേശ്യങ്ങളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അല്ലാഹു പറയുന്നു:

"ലോകരക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല" (ക്വുർആൻ 81:29).

സ്വൂഫിയ്യാക്കളിൽ ചിലർ തെറ്റുകളെ ന്യായീകരിക്കാൻ വിധിയെ തെളിവാക്കാറുണ്ട്. അത് അല്ലാഹുവിന്റെ സൃഷ്ടിയാണെന്നിരിക്കെ അവൻ തൃപ്തിപ്പെടാത്തത് അവൻ എങ്ങനെ സൃഷ്ടിക്കും എന്നാണ് അവരുടെ ചോദ്യം. എന്നാൽ മനുഷ്യർ ചെയ്യാൻ അല്ലാഹു താൽപര്യപ്പെടാത്ത പലതും അല്ലാഹു ചിലപ്പോൾ സൃഷ്ടിച്ചേക്കുമെന്ന് വ്യക്തമാക്കുന്ന നിരവധി തെളിവുകളുണ്ട്. അല്ലാഹു പറയുന്നു:

"അതെന്തുകൊണ്ടെന്നാൽ അല്ലാഹുവിന് വെറുപ്പുണ്ടാക്കുന്ന കാര്യത്തെ അവർ പിന്തുടരുകയും അവന്റെ പ്രീതി അവർ ഇഷ്ടപ്പെടാതിരിക്കുകയുമാണ് ചെയ്തത്. അതിനാൽ അവരുടെ കർമങ്ങളെ അവൻ നിഷ്ഫലമാക്കികളഞ്ഞു" (ക്വുർആൻ 47:28).

ഉപരിസൂചിത വാദഗതിക്കാരെ ഖണ്ഡിച്ചുകൊണ്ട് അല്ലാഹു പറഞ്ഞത് കാണുക: "ആ ബഹുദൈവാരാധകർ പറഞ്ഞേക്കും: അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങളോ, ഞങ്ങളുടെ പിതാക്കളോ (അല്ലാഹുവോട്) പങ്കുചേർക്കുമായിരുന്നില്ല; ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കുമായിരുന്നുമില്ല എന്ന്. ഇതേപ്രകാരം അവരുടെ മുൻഗാമികളും നമ്മുടെ ശിക്ഷ ആസ്വദിക്കുന്നതുവരെ നിഷേധിച്ചു കളയുകയുണ്ടായി. പറയുക: നിങ്ങളുടെ പക്കൽ വല്ല വിവരവുമുണ്ടോ? എങ്കിൽ ഞങ്ങൾക്ക് നിങ്ങൾ അതൊന്ന് വെളിപ്പെടുത്തിത്തരൂ. ഊഹത്തെ മാത്രമാണ് നിങ്ങൾ പിന്തുടരുന്നത്. നിങ്ങൾ അനുമാനിക്കുക മാത്രമാണ് ചെയ്യുന്നത്. പറയുക: ആകയാൽ അല്ലാഹുവിനാണ് മികച്ച തെളിവുള്ളത്. അവൻ ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ മുഴുവൻ അവൻ നേർവഴിയിലാക്കുക തന്നെ ചെയ്യുമായിരുന്നു" (ക്വുർആൻ 6:148,149).

അതിനാൽ ഒരാൾക്കും തന്നെ, അല്ലാഹു ദൂതന്മാരെ അയച്ച് കാര്യങ്ങൾ വ്യക്തമാക്കിത്തരികയും നന്മ പ്രവർത്തിക്കാൻ സാധ്യമാക്കുകയും ചെയ്ത ശേഷം 'ക്വളാ-ക്വദ്റി'നെ (വിധിയെ) തെളിവാക്കാൻ പാടുള്ളതല്ല. അല്ലാഹു പറയുന്നു:

"സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായ ദൂതൻമാരായിരുന്നു അവർ. ആ ദൂതൻമാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (ക്വുർആൻ 4:165).

ജോലിയും ചികിൽസയും പോലുള്ള കാര്യകാരണ ബന്ധങ്ങളെ ഉപേക്ഷിക്കലായി തവക്കുലിനെ അധിക സ്വൂഫിയ്യാക്കളും വിശദീകരിച്ചിട്ടുണ്ട്. എന്നിട്ട് അത് അവരെ യാചനയിലേക്ക് നയിച്ചു. എന്നാൽ അതാകട്ടെ കാര്യകാരണ ബന്ധങ്ങളിലെ ഏറ്റവും നിന്ദ്യമായ ഒന്നാണ് താനും! മാത്രമല്ല കാര്യകാരണ ബന്ധങ്ങൾ സ്വീകരിക്കുവാനും കർമങ്ങൾ ചെയ്യുവാനും പ്രേരിപ്പിക്കുന്ന നിരവധി സൂക്തങ്ങൾക്ക് എതിരുമാണത്. അല്ലാഹു പറയുന്നു:

"അവനാകുന്നു നിങ്ങൾക്ക് വേണ്ടി ഭൂമിയെ വിധേയമാക്കിത്തന്നവൻ. അതിനാൽ അതിന്റെ ചുമലുകളിലൂടെ നിങ്ങൾ നടക്കുകയും അവന്റെ ഉപജീവ

നത്തിൽ നിന്ന് ഭക്ഷിക്കുകയും ചെയ്തു കൊള്ളുക. അവങ്കലേക്ക് തന്നെയാണ് ഉയിർത്തെഴുന്നേൽപ്...” (ക്വുർആൻ 67:15).

നബിﷺ പറയുന്നു: “നിങ്ങളിലൊരാൾ ഒരുകെട്ട് വിറക് ശേഖരിച്ച് (ഉപജീവനം തേടലാണ്) ആളുകളോട് യാചിക്കുന്നതിനെക്കാൾ അവന് ഉത്തമം. അവർ അവന് നൽകട്ടെ, അല്ലെങ്കിൽ നൽകാതിരിക്കട്ടെ” (ബുഖാരി).

അതുകൊണ്ടുതന്നെ അമ്പിയാക്കന്മാർ ജോലിചെയ്ത് ജീവിക്കുന്നവരായിരുന്നു. സ്വഹാബത്തിന്റെ ഏകകണ്ഠേനയുള്ള നിലപാടും അതുതന്നെയാണ്.

**അവസാനമായി...**

അവസാനമായി രണ്ട് കാര്യങ്ങൾ ഞാൻ സൂചിപ്പിക്കട്ടെ:

ഒന്ന്) തൗബയുടെ വാതിലുകൾ തുറന്നുകിടക്കുകയാണ്. ലോകരക്ഷിതാവായ അല്ലാഹു അതിലേക്ക് നമ്മെ വിളിക്കുന്നു:

“സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുക. നിങ്ങൾ വിജയം പ്രാപിക്കുന്നതിനു വേണ്ടി”(ക്വുർആൻ 24:31).



അല്ലാഹു പറയുന്നു: “സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈകൊണ്ട് മടങ്ങുക” (ക്വുർആൻ 66:8).

തൗബ അതിനു മുമ്പുള്ള പാപങ്ങളെ തുടച്ചുനീക്കും. അല്ലാഹു പറയുന്നു:


“പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസൻമാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും. നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിനു മുമ്പായി നിങ്ങൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങുകയും അവന്നു കീഴ്പെടുകയും ചെയ്യുവിൻ. പിന്നെ (അത് വന്നതിന് ശേഷം) നിങ്ങൾ സഹായിക്കപ്പെടുന്നതല്ല” (ക്വുർആൻ 39:53,54).

സത്യനിഷേധം (കുഫ്ർ), ബഹുദൈവ വിശ്വാസം (ശിർക്ക്) എന്നീ ഗുരുതരങ്ങളായ തെറ്റുകളിൽ നിന്നു പോലും തൗബ ചെയ്താൽ ഉപകരിക്കുമെന്ന് അഥവാ പൊറുത്തുകൊടുക്കുമെന്ന് അല്ലാഹു തന്നെ അറിയിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

“സത്യനിഷേധികളോട് നീ പറയുക! അവർ വിരമിക്കുകയാണെങ്കിൽ അവർ മുമ്പ് ചെയ്തുപോയിട്ടുള്ളത് അവർക്ക് പൊറുത്തുകൊടുക്കുന്നതാണ് എന്ന്” (ക്വുർആൻ 8:38).

അല്ലാഹു മൂന്നിൽ ഒരുവനാണ് (ത്രിത്വം) എന്ന് പറഞ്ഞ് അവിശ്വാസികളായവരുടെ മുമ്പിലും അല്ലാഹു തൗബയെ പരിചയപ്പെടുത്തുന്നുണ്ട്. അല്ലാഹു പറയുന്നു:

“അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളാണ്. ഏക ആരാധ്യനല്ലാതെ യാതൊരു ആരാധ്യനും ഇല്ല തന്നെ. അവർ ആ പറയുന്നതിൽ നിന്ന് വിരമിച്ചില്ലെങ്കിൽ അവരിൽ നിന്ന് അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുകതന്നെ ചെയ്യും. ആകയാൽ അവർ അല്ലാഹുവിലേക്ക് ഖേദിച്ചുമടങ്ങുകയും അവനോട് പാപമോചനം തേടുകയും ചെയ്യുന്നില്ലേ? അല്ലാഹു ഏറെ



പൊറുക്കുന്നവനും കരുണാനിധിയുമ ത്രെ" (ക്വുർആൻ 5:73,74).

നബിﷺ പറഞ്ഞപോലെ പശ്ചാത്ത പിക്കുന്നവരുടെ പശ്ചാത്താപം കാരണ മായി അല്ലാഹു സന്തോഷിക്കുന്നതാണ്.

"മരുഭൂമിയിൽ വഴിതെറ്റി യാത്രാവാ ഹനവും ഭക്ഷണവും നഷ്ടപ്പെട്ട ശേഷം അവ തിരിച്ചുകിട്ടിയാൽ നിങ്ങൾക്കു ണ്ടാകുന്ന സന്തോഷമെത്രയാണോ അതിനെക്കാൾ കൂടുതലായി അല്ലാ ഹു തന്റെ അടിമയുടെ പശ്ചാത്താപം കാരണമായി സന്തോഷിക്കുന്നതാണ്" (ബുഖാരി, മുസ്‌ലിം).

മരണത്തിന്റെ മലക്ക് (മലക്കുൽ മൗ ത്ത്) ആരുടെയടുക്കലും ഏതു നിമി ഷവും കടന്നുവരാം. എത്രയെത്ര സെ റിബ്രൽ ത്രോംബോസിസുകളെയും (മ സ്തിഷ്‌കത്തിൽ രക്തം കട്ടപിടിക്കുന്ന രോഗം) ഹാർട്ട് അറ്റാക്കുകളെയും വാ ഹനാപകടങ്ങളെയും കുറിച്ച് നാം കേ ട്ടതാണ്. പകലിൽ തെറ്റ് ചെയ്തയാ ളുടെ പശ്ചാത്താപം സ്വീകരിക്കുന്നതി നായി രാത്രിയിലും, രാത്രിയിൽ തെറ്റ് ചെയ്തയാൾ പശ്ചാത്തപിക്കുന്നതിനാ യി പകലിലും അല്ലാഹു തന്റെ കൈ നീട്ടിയിരിക്കുകയാണ്. റൂഹ്(ആത്മാവ്) തൊണ്ടക്കുഴിയിൽ എത്തുന്നതുവരെ അല്ലാഹു അടിമയുടെ തൗബ സ്വീക രിക്കുന്നതാണ്. അതുകൊണ്ടു തന്നെ സ്വൂഫി ചി ന്താഗതികളിലകപ്പെട്ടുപോയ എല്ലാവരോടുമായി, ത ങ്ങളുടെ അവസ്ഥയെക്കുറിച്ച് ഏകാഗ്ര മനസ്സോടെ ഗൗരവതരമായി ചിന്തിക്കണമെന്ന് അഭ്യർഥിക്കുക യാണ്. വ്യക്തിതാൽപര്യങ്ങളും മറ്റു വ്യാകുലതക ളുമെല്ലാം മാറ്റിവെച്ചുകൊണ്ട്, പടച്ചവനെ കണ്ടുമു ട്ടേണ്ടതുണ്ട് എന്ന ബോധത്തോടെ നിഷ്പക്ഷമായി ചിന്തിക്കുക. എന്നിട്ട് ക്വുർആനിലും സുന്നത്തിലും വന്ന വിധിവിലക്കുകളും ഇപ്പോൾ ചെയ്തുകൊണ്ടി രിക്കുന്ന പ്രവർത്തനങ്ങളും തമ്മിൽ താരതമ്യം നട ത്തുകയും ചെയ്യുക.

രണ്ട്) പരിശുദ്ധമായ ക്വുർആനും സുന്നത്തും ന മ്മുടെ മുമ്പിലുണ്ട്. അവ പ്രിന്റ് ചെയ്തും പഠിച്ചും പഠിപ്പിച്ചും ചിന്തിച്ചും പ്രവർത്തിച്ചുമൊക്കെയായിട്ട് നാനാവിധേന അത് പ്രചരിപ്പിക്കാൻ നാം ഓരോരു ത്തരും ബാധ്യസ്ഥരാണ്. ബിദ്അത്തിന്റെ ദിക്‌റുക ളുടെ സ്ഥാനത്ത് ക്വുർആനിൽ നിന്നും സ്ഥിരപ്പെട്ട ഹദീഥുകളിൽ നിന്നും ദിക്‌റുകളും ദുആകളും സ്വീ കരിക്കാനും പ്രചരിപ്പിക്കാനും പ്രത്യേകം ശ്രദ്ധിക്ക ണം. വിശുദ്ധ ക്വുർആനിൽ നിന്നും തിരുസുന്നത്തിൽ നിന്നും ഗ്രഹിച്ചെടുക്കാവുന്ന ശരിയായ അക്വീദ(വി ശ്വാസം)യിലേക്ക് ക്ഷണിക്കുന്നതിന് സാധ്യമായ എ ല്ലാ മാർഗങ്ങളും നാം ഉപയോഗപ്പെടുത്തണം. പു സ്തകങ്ങൾ പ്രസിദ്ധീകരിച്ചും മദ്‌റസകൾ സ്ഥാപി ച്ചും അധ്യാപകരെ വാർത്തെടുത്തും ആധുനിക സൗ കര്യങ്ങളും മാധ്യമങ്ങളും ഒക്കെ ഉപയോഗപ്പെടുത്തി കൊണ്ട് ദഅ്‌വത്ത് സജീവമാക്കണം. അപ്രകാരം ത ന്നെ വ്യക്തികളുടെ കാര്യത്തിൽ- അവർ അമ്പിയാ ക്കന്മാരോ ഔലിയാക്കന്മാരോ ആയിരുന്നാൽ പോ ലും-അതിരു കവിയാൻ പാടില്ലെന്നും നാം ബോധ വൽകരിക്കേണ്ടതുണ്ട്. മറിച്ച് അവർക്ക് അർഹമായ സ്ഥാനത്ത് അവരെ അവരോധിക്കുകയാണ് ചെയ്യേ ണ്ടത്. ഇസ്‌ലാമിക നിയമങ്ങൾക്ക് (ശരീഅത്തിന്) എതിരായ സ്വൂഫി വേഷ-ഭൂഷാദികൾ കയ്യൊഴിക്കാ നും ജനങ്ങളെ നാം ഉപദേശിക്കണം.

മുസ്‌ലിം ഉമ്മത്തിന്റെ സ്ഥിതിഗതികൾ നന്നാക്കു വാനും വഴിതെറ്റിയവരെ നേർമാർഗത്തിലാക്കുവാനും സർവശക്തനായ അല്ലാഹുവിനോട് ഞാൻ പ്രാർഥി ക്കുന്നു. സ്വന്തം തിന്മകളിൽ നിന്നും ദുഷ്പ്രവർത്ത നങ്ങളിൽ നിന്നും രക്ഷിക്കുവാനും ശിർക്ക് ബിദ്അ ത്തുകളെയും അതിന്റെ വഴികളെയും അകറ്റിക്കള യുവാനും മുസ്‌ലിംകളെ സത്യമാർഗത്തിലായിക്കൊ ണ്ട് ഐക്യപ്പെടുത്തുവാനും അവരിലെ നേതാക്ക ന്മാരെ നന്നാക്കുവാനും അവരെക്കൊണ്ട് ദീനിനെ സഹായിക്കുവാനും ദീനിന്റെ യശസ്സ് ഉയർത്തുവാ നും അല്ലാഹുവോട് പ്രാർഥിക്കുന്നു. പ്രവാചകൻ മു ഹമ്മദ് നബിﷺയിലും അവിടുത്തെ കുടുംബത്തിലും അനുചരന്മാരിലുമെല്ലാം അല്ലാഹുവിന്റെ അനുഗ്രഹ ങ്ങൾ സദാ വർഷിക്കുമാറാകട്ടെ! (ആമീൻ).

**(അവസാനിച്ചു)**

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ 17




# സമാധാനചിത്തത

അടക്കവും ഒതുക്കവും സമാധാനചിത്തതയും വലിയ അനുഗ്രഹമാണ്. വിശിഷ്യാ ഭീതിയും ഭയപ്പാടും തീക്ഷ്ണവും തീവ്രവുമാകുമ്പോൾ. മനസ്സും മസ്തിഷ്കവും മറ്റു ശരീരാവയവങ്ങളും സമാധാനപ്പെടുമ്പോൾ മനുഷ്യനുണ്ടാകുന്ന അനുഭൂതി വിവരാണാതീതമാണല്ലോ. സമാധാനം കൈക്കൊള്ളുവാനുള്ള ആജ്ഞകൾ പ്രമാണവചനങ്ങളിൽ നമുക്കു കാണാം. ഇബ്നു അബ്ബാസിؓൽ നിന്നു നിവേദനം:

"അദ്ദേഹം അറഫാദിനം തിരുനബിﷺയോടൊപ്പം പുറപ്പെട്ടു. അപ്പോൾ നബിﷺതന്റെ പിന്നിൽ ഒട്ടകങ്ങളെ ശക്തമായി വിരട്ടി തെളിക്കുന്നതും അടിക്കുന്നതും ഒച്ചവെക്കുന്നതും കേട്ടു. ഉടൻ തന്റെ ചമ്മട്ടികൊണ്ട് അവരെ ചൂണ്ടി തിരുമേനിﷺ പറഞ്ഞു: 'ജനങ്ങളേ, നിങ്ങൾ സമാധാനം കൈക്കൊള്ളുക" (ബുഖാരി).

ഉസാമؓയെ തന്റെ പിന്നിലിരുത്തി അറഫയിൽ നിന്ന് മുസ്ദലിഫയിലേക്കു പോകുമ്പോൾ തിരുമേനി ജനങ്ങളോട് മൊത്തത്തിൽ ഇപ്രകാരം ആജ്ഞാപിച്ചു: "ജനങ്ങളേ, സമാധാനം കൈക്കൊള്ളുക. സമാധാനം കൈക്കൊള്ളുക"(മുസ്‌ലിം).

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; തിരുദൂതർ(ﷺ) പറഞ്ഞു: "നിങ്ങൾ ഇക്വാമത്തു കേട്ടാൽ നമസ്കാരത്തിലേക്കു നടന്നുപോവുക. നിങ്ങളുടെ മേൽ സമാധാനവും അടക്കവും ഉണ്ടാകണം. നിങ്ങൾ വേഗത കൂട്ടരുത്. നിങ്ങൾക്കു കിട്ടിയത് നിങ്ങൾ നമസ്കരിക്കുക. നിങ്ങൾക്കു നഷ്ടപ്പെട്ടതു പൂർത്തിയാക്കുക" (ബുഖാരി).

ഇക്വാമത്ത് വിളിച്ച് നമസ്കാരത്തിനു തിരക്കുകൂട്ടി എഴുന്നേൽക്കുന്നവരോട് തിരുമേനി(ﷺ) ഉപദേശിച്ചു: "നിങ്ങൾ എന്നെ കാണുന്നതുവരെ എഴുന്നേൽക്കരുത്. നിങ്ങളുടെ മേൽ സമാധാനം ഉണ്ടാകണം" (ബുഖാരി).

സമാധാനവും ശാന്തിയും അല്ലാഹുവിൽനിന്നുള്ള ദാനവായ്പാകുന്നു. പ്രസ്തുത ദാനത്തിന്റെ ഫലങ്ങളും പ്രാധാന്യവും ധർമവുമെല്ലാം അറിയിക്കുന്ന ഏതാനും വിശുദ്ധ വചനങ്ങൾ താഴെ നൽകുന്നു:

"പിന്നീട് അല്ലാഹു അവന്റെ ദൂതന്നും സത്യവിശ്വാസികൾക്കും അവന്റെ പക്കൽനിന്നുള്ള മനസ്സമാധാനം ഇറക്കിക്കൊടുക്കുകയും നിങ്ങൾ കാണാത്ത ചില സൈന്യങ്ങളെ ഇറക്കുകയും സത്യനിഷേധികളെ അവൻ ശിക്ഷിക്കുകയും ചെയ്തു" (ക്വുർആൻ 09:26).

"അദ്ദേഹം തന്റെ കൂട്ടുകാരനോട്; ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടുക്കുകയും നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലം നൽകുകയും സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു" (ക്വുർആൻ 09:04 ).

"അവനാകുന്നു സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ ശാന്തി ഇറക്കിക്കൊടുത്തത്. അവരുടെ വിശ്വാസത്തോടൊപ്പം കൂടുതൽ വിശ്വാസം ഉണ്ടായിത്തീരുന്നതിന് വേണ്ടി. അല്ലാഹുവിന്നുള്ളതാകുന്നു ആകാശങ്ങളിലെയും ഭൂമിയിലെയും സൈന്യങ്ങൾ" (ക്വുർആൻ 48:04).

"ആ മരത്തിന്റെ ചുവട്ടിൽ വെച്ച് സത്യവിശ്വാസികൾ നിന്നോട് പ്രതിജ്ഞ ചെയ്തിരുന്ന സന്ദർഭത്തിൽ തീർച്ചയായും അല്ലാഹു അവരെപ്പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവരുടെ ഹൃദയങ്ങളിലുള്ളത് അവൻ അറിയുകയും അങ്ങനെ അവർക്ക് മനസ്സമാധാനം ഇറക്കിക്കൊടുക്കുകയും ആസന്നമായ വിജയം അവർക്ക് പ്രതിഫലമായി നൽകുകയും ചെയ്തു" (ക്വുർആൻ 48:18).

"സത്യനിഷേധികൾ തങ്ങളുടെ ഹൃദയങ്ങളിൽ ദുരഭിമാനം- ആ അജ്ഞാനയുഗത്തിന്റെ ദുരഭിമാനം -വെച്ചുപുലർത്തിയ സന്ദർഭം! അപ്പോൾ അല്ലാഹു അവന്റെ റസൂലിന്റെ മേലും സത്യവി ശ്വാസികളുടെമേലും അവന്റെ പക്കൽനിന്നുള്ള മനസ്സമാധാനം ഇറക്കിക്കൊടുത്തു" (ക്വുർആൻ 48:26).

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം; നബി(ﷺ) പറഞ്ഞു: "ഒരു വിഭാഗം അല്ലാഹുവിന്റെ ഭവനങ്ങളായ പള്ളികളിൽ ഒരു പള്ളിയിൽ ഒരുമിച്ചുകൂടുകയും അല്ലാഹുവിന്റെ കിതാബ് പാരായണം ചെയ്യുകയും അവരത് അന്യോന്യം പഠിക്കുകയുമായാൽ അവരുടെമേൽ സമാധാനം വന്നിറങ്ങുകയും റഹ്മത്ത് അവരെ മൂടുകയും മലക്കുകൾ അവരെ പൊതിയുകയും അല്ലാഹു തന്റെ അടുക്കലുള്ളവരിൽ അവരെ അനുസ്മരിക്കുകയും ചെയ്യും, തീർച്ച"(മുസ്ലിം).

അൽബറാഅ് ഇബ്നുആസിബി(റ)ൽ നിന്നും നിവേദനം; അദ്ദേഹം പറഞ്ഞു: "ഒരു വ്യക്തി, സൂറതുൽ കഹ്ഫ് പാരായണം ചെയ്യുകയായിരുന്നു. അയാൾക്കരികിൽ രണ്ടു കയറുകൾ കൊണ്ട് ബന്ധിക്കപ്പെട്ട ഒരു കുതിരയുമുണ്ട്. അപ്പോൾ ആയാളെ ഒരു കാർമുകിൽ മൂടി. അങ്ങനെ ആ കാർമുകിൽ അയാളോട് അടുക്കുവാൻ തുടങ്ങി. അയാളുടെ കുതിരയാകട്ടെ വിരണ്ടോടുവാനും തുടങ്ങി. പ്രഭാതമായപ്പോൾ, അയാൾ നബി(ﷺ)യുടെ അടുക്കൽ എത്തുകയും തിരുമേനിയോട് അത് ഉണർത്തുകയും ചെയ്തു. അപ്പോൾ തിരുമേനി പറഞ്ഞു: 'ക്വുർആൻ കാരണത്താൽ വന്നിറങ്ങിയ ശാന്തിയത്രെ അത്" (ബുഖാരി, മുസ്ലിം).

ശാന്തതയും അടക്കവും ഒതുക്കവും സമാധാനചിത്തതയും തിരുനബിയുടെ സഭാവ ഗുണമായിരുന്നു. തിരുനബി(ﷺ)യെ കുറിച്ച് പ്രിയപത്നി ആഇശ(റ) പറയുന്നത് നോക്കൂ:

"നിറുത്തം, ഇരുത്തം എന്നിവയിൽ നബിയോടുള്ള അനുധാവനത്തിലും സ്വഭാവത്തിലും ഒതുക്കത്തിലും നബിപുത്രി ഫാത്വിമ(റ)യോളം തിരുനബിയോടു സാദൃശ്യമുള്ളവരായി ആരെയും ഞാൻ കണ്ടിട്ടില്ല" (സുനനു അബീദാവൂദ്. അൽബാനി സ്വഹീഹെന്നു വിശേഷിപ്പിച്ചു).

പി.എൻ അബ്ദുർറഹ്മാൻ
pnabdumon@gmail.com



# നോമ്പ്, സകാത്ത്

സംശയ നിവാരണം

### നോമ്പും ഫിദ്‌യയും

*റമദാനിലെ നോമ്പ് നോൽക്കാൻ സാധിക്കാത്ത ആളുകൾക്ക് ഫിദ്‌യ ആയി അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾ തന്നെ കൊടുക്കേണ്ടതുണ്ടോ? പഞ്ചസാര, തേങ്ങ, ഭക്ഷ്യ എണ്ണകൾ എന്നിവ കൊടുക്കാൻ പറ്റുമോ? സാധുക്കൾക്ക് ആവശ്യത്തിന് റേഷൻവഴി ലഭിക്കുന്നുണ്ട്. എന്നാൽ മറ്റുള്ള സാധനങ്ങൾ വാങ്ങാൻ അവർക്ക് സാമ്പത്തികമായി കഴിവുമില്ല. ഈ സാഹചര്യത്തിൽ എന്താണ് ഉചിതം?*

നാട്ടിലെ ആളുകൾ ഭക്ഷിക്കുന്നതായ ഭക്ഷ്യ വിഭവങ്ങൾ എന്തും നൽകാം. അര സ്വാഅ് അഥവാ ഏകദേശം ഒന്നേകാൽ കിലോ എന്നതാണ് ഒരു നോമ്പിന് നൽകേണ്ടത് എന്നതാണ് പ്രബലമായ അഭിപ്രായം. പാകം ചെയ്ത് നൽകുകയാണ് എങ്കിൽ ഒരു നേരം ഒരാൾ ഭക്ഷിക്കുന്ന ഭക്ഷണം നൽകിയാൽ മതി. അരി തന്നെ ആകണം എന്ന് നിബന്ധനയില്ല. നൽകുന്നവന് സാധിക്കുന്നതും ആ നാട്ടിലെ ആളുകൾ ഭക്ഷിക്കുന്നതായ ഭക്ഷ്യവസ്തുവും ആകണം എന്ന് മാത്രമേയുള്ളൂ.

വിശുദ്ധ ക്വുർആനിൽ നോമ്പിന് ബദൽ ഭക്ഷണം പറഞ്ഞിടത്ത് 'ഒരു മിസ്‌കീനിന് ഭക്ഷണം ഫിദ്‌യയായി നൽകുക' (അൽബക്വറ:184) എന്ന് മാത്രമാണ് പറഞ്ഞിട്ടുള്ളത്. ഇനം പറഞ്ഞിട്ടില്ല.

മാത്രമല്ല അരി മാത്രമായാൽ ഒരാളുടെ ഒരു നേരത്തെ ഭക്ഷണമാകില്ലല്ലോ. അതിനാൽ പാവപ്പെട്ടയാൾക്ക് വെറും അരി മാത്രമായി നൽകാതെ അയാൾക്ക് ഉപകരിക്കുന്ന ഭക്ഷ്യ ഇനങ്ങളാക്കി നൽകുകയാണ് ഉചിതം എന്നുപോലും പല പണ്ഡിതന്മാരും പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ പാവപ്പെട്ടവർക്ക് ഉപകരിക്കുന്ന, അവർക്ക് ആവശ്യമുള്ള ഇനങ്ങൾ നിങ്ങൾ കണ്ടറിഞ്ഞു നൽകുന്നുവെങ്കിൽ അതൊരു നല്ല കാര്യമാണ്. അല്ലാഹു സ്വീകരിക്കട്ടെ.

### സ്വർണത്തിന്റെ സകാത്ത്

*2015 ശവ്വാൽ 8 നാണ് എന്റെ വിവാഹം കഴിഞ്ഞത്. ആ സമയത്ത് ഭാര്യയുടെ ഉപ്പ കൊടുത്തതും മഹറും ഉൾപ്പെടെ 27 പവൻ സ്വർണാഭരണങ്ങൾ ഭാര്യയുടെ കയ്യിൽ ഉണ്ടായിരുന്നു. സാമ്പത്തിക പ്രയാസം കാരണം അതാത് വർഷം സകാത്ത് കൊടുക്കാൻ സാധിച്ചില്ല. ഇപ്പോൾ വീടു നിർമാണത്തിനു വേണ്ടി 17 പവൻ വിറ്റു. വീടു പണി നടക്കാനുണ്ട്.*

*വിവാഹ ശേഷം സകാത്തിന്റെ വർഷം പൂർത്തിയാക്കുന്നത് മുതൽ വിൽപന നടത്തിയത് വരെയുള്ള വർഷങ്ങളിലെ സകാത്ത് കൊടുക്കാൻ ഞാൻ ബാധ്യസ്ഥൻ അല്ലേ? എത്ര വിതമാണ് ഞാൻ സകാത്ത് കൊടുക്കേണ്ടത്?*

2015ലെ ശവ്വാൽ മാസത്തിലാണല്ലോ സ്വർണം താങ്കളുടെ ഭാര്യയുടെ കൈവശം വന്നത്. അന്നു മുതൽ അതിന്റെ 'ഹൗൽ' ആരംഭിച്ചു. ശേഷമുള്ള ഓരോ ശവ്വാൽ 8 വന്നപ്പോഴും അതിന്റെ രണ്ടര ശതമാനം സകാത്ത് ബാധകമായിത്തീർന്നു. സ്വർണം താങ്കളുടെ ഭാര്യയുടേതാകയാൽ അവർക്കാണ് അത് നൽകേണ്ട ബാധ്യത. അവരുടെ അറിവോടെ വേണമെങ്കിൽ ആ ബാധ്യത താങ്കൾക്ക് ഏറ്റെടുക്കാം എന്ന് മാത്രം. സ്വർണത്തിന്റെ സകാത്ത് പണമായിത്തന്നെ നൽകണം എന്നില്ല; സ്വർണമായി നൽകിയാലും മതിയായിരുന്നു. ആ നിലയ്ക്ക് വൈകിപ്പിച്ചത് ശരിയല്ല, അല്ലാഹു പൊറുത്ത് തരട്ടെ.

27 പവൻ സ്വർണത്തിന്റെ സകാത്ത് ഗ്രാമിൽ 2.5% കണക്കാക്കിയാൽ 5.4 ഗ്രാം സ്വർണമോ തുല്യമായ വിലയോ ആണ് നൽകേണ്ടത്. അതുകൊണ്ടുതന്നെ കഴിഞ്ഞുപോയ നാല് വർഷങ്ങളുടെ സകാത്ത് കണക്കാക്കി നൽകണം. ഈ വർഷം ശവ്വാൽ 8 വരുമ്പോൾ ശേഷിക്കുന്ന സ്വർണത്തിന് വീണ്ടും സകാത്ത് ബാധകമാകും. അല്ലാഹു അനുഗ്രഹിക്കട്ടെ.




വീട് നിർമിക്കാൻ താങ്കൾ ആ സ്വർണം വിറ്റ് കിട്ടിയ പണം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അതിൽ സകാത്ത് ബാധകമാകുകയില്ല. അല്ലാത്ത പക്ഷം വിറ്റ് പണമായി കൈവശം വച്ചാലും അതിൽ സകാത്ത് ബാധകമായികൊണ്ടിരിക്കും. അല്ലാഹുവിന്റെ മാർഗത്തിൽ നൽകുന്ന ധനം താങ്കളുടെ ധനത്തിൽ നിന്നും യാതൊരു കുറവും ഉണ്ടാക്കുകയില്ല, താങ്കൾ അറിയുന്നതോ അറിയാത്തതോ ആയ അനേകം മാർഗങ്ങളിലൂടെ താങ്കൾക്ക് അല്ലാഹു വർധനവ് നൽകും. അത് അല്ലാഹുവിന്റെ വാഗ്ദാനമാണ്.

### കടമുള്ളവന്റെ സകാത്ത്

*ഞങ്ങൾ ഒരു വീട് വാങ്ങിച്ചു. 60 ലക്ഷം രൂപ കടമുണ്ട്. 30 ലക്ഷം വീട് ഞങ്ങൾക്ക് വിറ്റയാൾക്കും 30 ലക്ഷം മറ്റൊരാൾക്കും കൊടുക്കണം. ഞങ്ങളുടെ കയ്യിൽ ഇപ്പോൾ 14 ലക്ഷം രൂപയുണ്ട്. ആ കടത്തിലേക്ക് കൊടുക്കാൻ കരുതിയ പണമാണ്. ഞങ്ങൾ അതിനു സകാത്ത് കൊടുക്കേണ്ടതുണ്ടോ?*

താങ്കളുടെ കൈവശമുള്ള പണത്തിന് സകാത്ത് ബാധകമാകാനുള്ള സമയമെത്തിയാൽ അതിന്റെ സകാത്ത് കൊടുക്കാൻ താങ്കൾ ബാധ്യസ്ഥനാകും. കടം ഉണ്ടെങ്കിൽ സകാത്ത് കണക്കുകൂട്ടുന്നതിന് മുൻപായി ആ കടം കൊടുത്ത് വീട്ടുന്ന പക്ഷം ആ പണത്തിന്റെ സകാത്ത് നൽകാൻ നിങ്ങൾ ബാധ്യസ്ഥനാകില്ല.

ഉസ്മാൻ ബിൻ അഫ്ഫാൻ(റ) പറഞ്ഞു: 'ഇത് നിങ്ങളുടെ സകാത്ത് കണക്കാക്കുന്ന മാസമാണ്. ആർക്കെങ്കിലും കടം ഉണ്ടെങ്കിൽ അവൻ ആ കടം കൊടുത്ത് വീട്ടട്ടെ. ശേഷം എത്ര പണം കൈവശമുണ്ട് എന്നത് കണക്കാക്കി അതിന്റെ സകാത്ത് നൽകാൻ വേണ്ടി.'

അഥവാ കടം വീട്ടുന്നുണ്ടെങ്കിൽ സകാത്ത് കണക്കാക്കുന്നതിന് മുമ്പ് കൊടുക്കണം. എങ്കിലേ അത് സകാത്തിൽ നിന്നും ഒഴിവാകൂ. ഇനി കടം ഇപ്പോൾ കൊടുക്കുന്നില്ല; പിന്നീട് നൽകാനാണ് ഉദ്ദേശിക്കുന്നത് എങ്കിൽ കൈവശമുള്ള ധനത്തിന്റെ സകാത്ത് കൊടുക്കണം. കടമാകട്ടെ ഇപ്പോൾ തിരികെ കൊടുക്കുന്നുമില്ല, സകാത്താകട്ടെ നൽകുന്നുമില്ല എന്ന അവസ്ഥ ഉണ്ടാകുകയില്ല. അല്ലാഹു അനുഗ്രഹിക്കട്ടെ. താങ്കൾക്ക് അല്ലാഹു ഖൈറും ബർക്കത്തും ചൊരിയട്ടെ.

### സ്കോളർഷിപ്പും സകാത്തും

*ഞാൻ ഒരു വിദ്യാർഥിയാണ്. എനിക്ക് രണ്ട് ബാങ്ക് അക്കൗണ്ടുകൾ ഉണ്ട്. ഒന്ന് എന്റെ ഉപ്പ ഫീസിനും മറ്റു ചെലവിനുമായി നൽകുന്ന പണം വരുന്ന അക്കൗണ്ട്. അതിൽ എന്റെ കൈവശം 10000 രൂപയുണ്ട്. രണ്ടാമത്തെ അക്കൗണ്ട് സ്കോളർഷിപ് കിട്ടുന്ന അക്കൗണ്ടാണ്. അതിൽ എന്റെ കൈവശം 40000 രൂപയും ഉണ്ട്. അപ്പോൾ ഞാൻ ആകെയുള്ള 50000 രൂപക്ക് സകാത്ത് കൊടുക്കണമോ? സ്കോളർഷിപ് കിട്ടുന്ന തുക സകാത്തിൽ നിന്നും ഒഴിവാകുമോ? എനിക്ക് മറ്റു വരുമാനങ്ങൾ ഇല്ലാത്തത് കൊണ്ട് സകാത്ത് ഒഴിവാകുമോ? ഇനി നൽകണമെങ്കിൽ രണ്ടര ശതമാനത്തിൽ കൂടുതൽ നൽകാമോ?*

സകാത്തിനെക്കുറിച്ച് അറിയാനും അത് നൽകാനുമുള്ള താങ്കളുടെ താൽപര്യത്തിനും അല്ലാഹു തക്കതായ പ്രതിഫലം നൽകട്ടെ. വിശ്വാസിയായ ഒരാളുടെമേൽ സകാത്ത് ബാധകമാകാൻ രണ്ടു കാര്യങ്ങൾ ബാധകമാണ്. ഒന്ന് അയാളുടെ കൈവശം സകാത്ത് ബാധകമാകാനുള്ള പരിധി അഥവാ നിസ്വാബ് ഉണ്ടായിരിക്കണം. അതായത് 595 ഗ്രാം വെള്ളിക്ക് തത്തുല്യമായ കറൻസിയോ കച്ചവടവസ്തുവോ ഒരാളുടെ പക്കൽ ഉണ്ടെങ്കിൽ അയാളുടെ കയ്യിൽ നിസ്വാബ് എത്തി.

രണ്ടാമത്തെ നിബന്ധന ആ നിസ്വാബിന് ഒരു ഹിജ്റ വർഷക്കാലം 'ഹൗൽ' തികയണം. അതായത് നിസ്വാബ് അഥവാ സകാത്ത് ബാധകമാകാനുള്ള ബേസിക് ബാലൻസിൽ നിന്നും താഴെപ്പോകാതെ ഒരു ഹിജ്റ വർഷക്കാലം പൂർത്തിയാകുന്നപക്ഷം ആ സമയത്ത് തന്റെ കൈവശമുള്ള ടോട്ടൽ കറൻസി, കച്ചവടവസ്തുക്കൾ എന്നിവ കൂട്ടി അതിന്റെ രണ്ടര ശതമാനം സകാത്ത് നൽകാൻ അയാൾ ബാധ്യസ്ഥനാകും.

അതുകൊണ്ട് താങ്കളുടെ കൈവശം 24000ൽ കുറയാത്ത ബേസിക് ബാലൻസ് ഒരു ഹിജ്റ വർഷക്കാലം ഉണ്ടാകുമെങ്കിൽ താങ്കളും ഓരോ വർഷം പൂർത്തിയാകുമ്പോഴും കയ്യിലുള്ള ടോട്ടൽ കറൻസിയുടെ രണ്ടര ശതമാനം സകാത്തായി കൊടുക്കണം. അത് സ്കോളർഷിപ്പ് ആയി ലഭിക്കുന്ന ധനമാണെങ്കിലും ശരി.

രണ്ടര ശതമാനത്തിൽ കൂടുതൽ കൊടുക്കാമോ എന്ന് താങ്കൾ ചോദിച്ചു. കൂടുതൽ എത്ര വേണമെങ്കിലും താങ്കൾക്ക് കൊടുക്കാം. അത് അല്ലാഹുവിന്റെ മാർഗത്തിലുള്ള ദാനമായി പരിഗണിക്കപ്പെടും. കുറയാൻ പാടില്ല എന്നേയുള്ളൂ. നന്നായി പഠിക്കാനും ഈ ഉമ്മത്തിനും സമൂഹത്തിനും ഉപകരിക്കുന്ന ഒരു നല്ല സത്യവിശ്വാസിയായി വളരാനും റബ്ബ് താങ്കൾക്ക് തൗഫീക് നൽകട്ടെ.




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ലോക്ക്ഡൗൺ പിരീഡിൽ എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 7 മണിക്ക് മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും ഞായറാഴ്ച രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ആഴ്ചയും ബുധൻ രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വെച്ചാണ് മത്സരാർഥികൾ ഓൺലൈനിൽ പ്രവേശിക്കേണ്ടത്. വിജയികളുടെ വിലാസം മൊബൈൽ നമ്പർ വെച്ചാണ് കണ്ടെത്തുന്നത് എന്നതിനാൽ സ്വന്തം നമ്പർ മാത്രമേ ഉപയോഗിക്കാവൂ.
- ഒരേ നമ്പറിൽ നിന്ന് ഒരാഴ്ചയിൽ ഒന്നിലധികം മത്സരങ്ങൾ പങ്കെടുക്കാൻ സാധ്യമാകില്ല.
- ശരിയുത്തരങ്ങൾ വ്യാഴാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- ഏറ്റവും കൂടുതൽ ശരിയുത്തരങ്ങൾ അയച്ചതിനെ ആധാരമാക്കിയാണ് ഓരോ ആഴ്ചയിലെയും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാരെ നിശ്ചയിക്കുന്നത്.
- വിജയികളുടെ പേരുകൾ വ്യാഴാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- ഓരോ മത്സരത്തിലും ലഭിച്ച മാർക്കുകൾ ഉൾപ്പെടുത്തിയാണ് ഫൈനൽ മത്സരത്തിലെ വിജയികളെ തെരഞ്ഞെടുക്കുന്നത്. ഫൈനൽ പോയിന്റിൽ തുല്യത പാലിച്ചാൽ തുടർ മത്സരത്തിലൂടെ വിജയിയെ കണ്ടെത്തും.
- ഓരോ മത്സരത്തിലും ലഭിക്കുന്ന മാർക്കുകൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്ന പോയിന്റ് ടേബിൾ ഓൺലൈനിൽ ലഭ്യമാവും.
- മെഗാ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ സംസ്ഥാന പ്രോഗ്രാമിലായിരിക്കും വിതരണം ചെയ്യുക.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 172

**ഒന്നാം സമ്മാനം:**

അനിലാൽ ആസാദ് കുവൈത്ത്, തെക്കേവീട്ടിൽ, പീരുമേട്, ഇടുക്കി

**രണ്ടാം സമ്മാനം:**

ഉമൈറ സി.എം, അന്തിയൂർകുന്ന്, കൊട്ടപ്പുറം, മലപ്പുറം

**മൂന്നാം സമ്മാനം:**

അൻവർ വി.എം, വാക്കയിൽ ഹൗസ്, ഇരിങ്ങാപ്പുറം, തൃശൂർ

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# ഇമ്പം കുറഞ്ഞ നോമ്പുകാലം

കഴിഞ്ഞ കൊല്ലത്തെ നോമ്പിന് എന്തൊരു ഇമ്പമായിരുന്നു!

നേരത്തെയെഴുന്നേറ്റ് അത്താഴം കഴിച്ച്, പള്ളിയിൽ സമൂഹനമസ്കാരത്തിന് എത്തും. പിന്നെ വിശ്രമിച്ച് അന്നന്നത്തെ ജോലിത്തിരക്കനുസരിച്ച് ഒരോരോ കാര്യങ്ങളിൽ മുഴുകും.

ജോലിയുള്ളവർ അതിനുള്ള ഒരുക്കമായി, പുറപ്പാടായി. പഠനവും പരീക്ഷയും മറ്റുമായി കുട്ടികളും പുറത്തിറങ്ങുകയായി.

നോമ്പുതുറക്ക് മണിക്കൂറുകൾക്ക് മുമ്പ് തന്നെ അടുക്കളകൾ ഒരുങ്ങും. അന്നന്നേക്ക് വേണ്ട പഴവും പച്ചക്കറികളും ഇറച്ചിയും മറ്റും വാങ്ങാൻ ആണുങ്ങൾ വൈകാതെ പുറത്തേക്ക് പോകും. പള്ളികൾ സജീവമാകും. പലരും നോമ്പിന് ജോലിക്ക് പോകാതെ ലീവെടുക്കും.

ജമാഅത്ത് നസ്കാരത്തിൽ പങ്കെടുത്ത്, ക്ലാസ്സുകൾ കേട്ട്, ക്വുർആൻ പാരായണം ചെയ്ത് പള്ളികളും പകലുകളും പ്രകാശപൂരിതമാക്കും.

അസ്വ്ർ നമസ്കാരത്തോടെ ആണുങ്ങൾ പള്ളിയിൽനിന്ന് അങ്ങാടിയിലേക്കിറങ്ങുകയായി. പാതയോരത്ത് സ്പെഷ്യൽ പൊരിക്കടകളിലും ഹോട്ടലുകളിലെ ചില്ലലമാരകളിലും ബഹുവർണങ്ങളിലും വ്യത്യസ്ത പേരിലും കൂട്ടിയിട്ട എണ്ണക്കടികൾ വാങ്ങും. കുറച്ച് പഴവും പച്ചക്കറികളും കൂടി വാങ്ങി നേരത്തെ വീട്ടിലെത്തും.

ജോലിക്ക് പോയവർ നേരത്തെ മടങ്ങും. വഴിയോരക്കടകളിൽ നിന്ന് പലഹാരങ്ങളും മറ്റും വാങ്ങി സഞ്ചി നിറക്കും. വഴികളിൽ ഓടിക്കളിക്കുന്ന കുട്ടികളെ നോക്കി ചിരിക്കും. അന്നേരം വീടുകളിൽനിന്ന് റംസാൻ വിഭവങ്ങളുടെ മണം ഉയരുന്നുണ്ടാകും.

നേരത്തെ വീട്ടിലെത്താൻ തിരക്ക് കൂട്ടും. റോഡിലും ഉത്സാഹം പ്രകടമാവും. എന്തിനെന്നറിയാതെ തലങ്ങും വിലങ്ങും പായുന്ന ഇരുചക്ര വാഹനങ്ങൾ റോഡ് കീഴടക്കും. നോമ്പുതുറയിൽ പങ്കെടുക്കാൻ പുതുമണവാട്ടി വരനും കുടുംബത്തിനുമൊപ്പം വലിയ വാഹനത്തിൽ ഉത്സാഹത്തോടെ പറക്കും. അങ്ങനെയേറെ...

ഇന്ന് ഉത്സാഹം കുറവാണ്. പള്ളികൾ അടഞ്ഞുകിടക്കുന്നു. നേരം തെറ്റാത്ത ബാങ്ക് വിളികൾ പഴയ ഓർമകൾ ഉണർത്തുന്നു. ജമാഅത്ത് നടക്കുന്നില്ല. സമൂഹ നോമ്പ് തുറക്കുള്ള ഒരുക്കങ്ങളില്ല.

റോഡുകൾ ഏതാണ്ട് ശൂന്യമാണ്. കടകൾ പലതും തുറന്നിട്ടില്ല. പണിയില്ലാത്തത് കാരണം അത്യാവശ്യ സാധനങ്ങൾ വാങ്ങാൻ പോലും കയ്യിൽ കാശില്ല. വിദേശത്തുള്ള പ്രവാസികളുടെ പണം വരുന്നില്ല. അവരുടെ താമസവും ഭക്ഷണവും പോലും പ്രയാസത്തിലാണ്. ആരോഗ്യ കാര്യങ്ങളിൽ അവരും ഒപ്പം നാട്ടിലെ കുടുംബവും ആശങ്കയിലാണ്.

പതിവായി കാരുണ്യ പ്രവർത്തനത്തിന് പണവും ഭക്ഷ്യവസ്തുക്കളും നൽകുന്നവർ വിദേശത്തും സ്വദേശത്തും സ്ഥാപനം തുറക്കാനാവാതെ കഷ്ടത്തിലാണ്.

അടുക്കളയിൽ വിഭവങ്ങളിൽ കുറവ് കാണാം; ഉത്സാഹത്തിലും. ഒന്ന് പുറത്തിറങ്ങാൻ പോലുമാകാതെ കുട്ടികളും പുരുഷന്മാരും ഒരു മാസത്തിലേറെയായി വീട്ടുതടങ്കലിൽ ചടച്ചിരിക്കുന്നു.

കണ്ണുകൊണ്ട് കാണാൻ പോലുമാകാത്ത നോവൽ കൊറോണ വൈറസ് നമ്മുടെ വീടിനെയോ നാടിനെയോ മാത്രമല്ല ലോകത്തെ മൊത്തം തടവറയിലാക്കിയിരിക്കുകയാണ്. ഇതുവരെ ശീലമില്ലാത്ത നിരവധി പാഠങ്ങൾ നമ്മൾ സ്വയം പഠിച്ചുകൊണ്ടിരിക്കുന്നു.

നോമ്പും പ്രാർഥനകളും പശ്ചാത്താപ വിവശമായ മനസ്സുകളുമായി ഈ കാലവും കടന്ന് പോകും. കാരുണ്യവാന്റെ കരുണാകടാക്ഷം നമ്മളിൽ ചൊരിയാതിരിക്കില്ല.

അനുഗ്രഹം ലഭിക്കുമ്പോൾ അല്ലാഹുവിനെ മറക്കുകയും പ്രയാസഘട്ടത്തിൽ നിരാശരാവുകയും ചെയ്യുന്ന സ്വഭാവം വിശ്വാസികളിൽ ഉണ്ടാകാവതല്ല. അല്ലാഹു പറയുന്നു:"നാം മനുഷ്യന്ന് അനുഗ്രഹം ചെയ്ത് കൊടുത്താൽ അവൻ തിരിഞ്ഞുകളയുകയും അവന്റെ പാട്ടിന് മാറിപ്പോകുകയും ചെയ്യുന്നു. അവന്ന് ദോഷം ബാധിച്ചാലാകട്ടെ അവൻ വളരെ നിരാശനായിരിക്കുകയും ചെയ്യും" (ക്വുർആൻ 17:83).

**സകാത്ത് ധനികന്റെ ഔദാര്യമല്ല.**
**അർഹരുടെ അവകാശമാണ്.**

WISDOM
ISLAMIC ORGANIZATION

## ചുറ്റുമുള്ള തേങ്ങലുകൾ...
## പരിഹാരം താങ്കളുടെ കയ്യിലുണ്ട്...

### സകാത്ത് നിർണയ പട്ടിക

| ക്രമ നമ്പർ | സകാത്ത് ബാധകമാകുന്ന ഇനങ്ങൾ | നിസാബ് (സകാത്ത് നിർബന്ധമാകുന്ന പരിധി) | നിർബന്ധമാകുന്ന കാലയളവ് | സകാത്ത് വിഹിതം | സകാത്ത് കണക്കാക്കുന്ന രീതി |
|---|---|---|---|---|---|
| 1 | സ്വർണം | 85 ഗ്രാം/ മുകളിലേക്ക് | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | മൊത്തം സ്വർണ വിലയുടെ 2.5% | (സ്വർണത്തിന്റെ തൂക്കം X ഒരു ഗ്രാമിന്റെ വില X 2.5) / 100 |
| 2 | കറൻസി | 595 ഗ്രാം വെള്ളിയുടെ വില | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | 2.5% | (ആകെ സംഖ്യ X 2.5) / 100 |
| 3 | കച്ചവട വസ്തുക്കൾ | 595 ഗ്രാം വെള്ളിയുടെ വില | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | 2.5% | (കച്ചവടച്ചരക്കുകളുടെ വിപണി മൂല്യം + കൈവശമുള്ള സംഖ്യ – വീട്ടാനുള്ള കടം X 2.5) / 100 |
| 4 | വരുമാനങ്ങൾ വാടക, ശമ്പളം, കൂലി... | 595 ഗ്രാം വെള്ളിയുടെ വില | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | 2.5% | (കൈവശമുള്ള സംഖ്യ X 2.5) / 100 |
| 5 | ഓഹരികൾ: ഉൽപ്പന്നാധിഷ്ഠിതം | 595 ഗ്രാം വെള്ളിയുടെ വില (മൂലധനം ഉൾപ്പെടെ) | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | 2.5% | (ഓഹരി വിഹിതം + ഡിവിഡന്റ് X 2.5) / 100 |
| 6 | ഓഹരികൾ: സേവനാധിഷ്ഠിതം | 595 ഗ്രാം വെള്ളിയുടെ വില (മൂലധനം കഴിച്ച്) | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | 2.5% | (വരുമാനം X 2.5) / 100 |
| 7 | കാർഷിക വിളകൾ: താനെയുണ്ടാകുന്നത് | 612 കിലോഗ്രാം | വിളവെടുപ്പ് സമയം | 10% | (ധാന്യങ്ങളുടെ വില (വിളവെടുപ്പിനുള്ള ചെലവ് കഴിച്ച്) X 10) / 100 |
| 8 | കാർഷിക വിളകൾ: അധ്വാനമുണ്ടാകുന്നത് | 612 കിലോഗ്രാം | വിളവെടുപ്പ് സമയം | 5% | (ധാന്യങ്ങളുടെ വില (വിളവെടുപ്പിനുള്ള ചെലവു കഴിച്ച്) X 5) / 100 |

**അടിക്കുറിപ്പ്:** സകാത്ത് കണക്ക് കൂട്ടുമ്പോൾ കടത്തിലേക്കായി മാറ്റിവെക്കുന്ന സംഖ്യ മാത്രമേ കുറക്കാവൂ / കാർഷിക വിളകൾക്ക് സ്വഹാബികളുടെ കാലത്ത് 300 സ്വാഅ് ആണ് അളവായി കണക്കാക്കിയത്. ഒരു സ്വാഅ് എന്നത് 2കിലോ 40 ഗ്രാം ഗോതമ്പ് ആണ്.

## കേരള സകാത്ത് സെൽ നടപ്പാക്കി വരുന്ന പദ്ധതികൾ:

**വീട് നിർമ്മാണം, സ്വയം തൊഴിൽ, ചികിത്സാ സഹായം, മാസാന്ത പെൻഷൻ, കട ബാധ്യത തീർക്കൽ...**

**Wisdom Islamic Organization Kerala Zakath Cell:**

ചെയർമാൻ: കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
Contact: 8606627041, 8606000750, 9567070031

A/c No: 38439503754
State Bank of India
Palayam Branch
Kozhikode
IFS CODE: SBIN0008635

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 MAY 09

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600



# GREEN HOME

Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8**
**(boys only )**

/greenvalleycampus

+91 9061716600
greenvalleyinstitutions@gmail.com

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**